സ്വാമി ശരണം
# അയ്യപ്പവാണി
अय्यप्पवाणि വെബ് വാർത്താമാസിക
ശബരിമല അയ്യപ്പ സേവാ സമാജം (സാസ്സ്)
പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്.. റജി.നം.226/2008
അഡ്മിൻ ഓഫീസ്: അയ്യപ്പവിഹാർ, ശിവ ടെമ്പിൽ റോഡ്, വിയ്യൂർ, തൃശൂർ ജില്ല, കേരളം - 680010.
വെബ്സൈറ്റ്: www.sassbharath.org ഫോൺ:09400401722 ഈമെയിൽ: sassinservice@gmail.com



ക്രമ നം. അയ്യപ്പവാണി – 02/2023
(ഉത്രം പതിപ്പ്)
09 ഫെബ്രുവരി 2023 (26 മകരം 1198) യുഗാബ്ദം 5124.

- ഹരിവരാസനം –പാഠം പഠനം : ഡോ. എം. വി. നടേശൻ.
- ഹരിവരാസനം വ്യാഖ്യാനം: ഭാഗം 5 – ശ്രീ.പി. ആർ. ജനാർദ്ദനൻ നായർ
- ഷോഡശ സംസ്കാരങ്ങൾ, ഭാഗം 2 : ഡോ. വിശ്വനാഥൻ നമ്പൂതിരി
- നേതാജി സുഭാഷ് ചന്ദ്രബോസ് – ധീര ദേശീയനേതാവ്.
- നമ്മുടെ പൈതൃകം – തിരുനെല്ലി ക്ഷേത്രം.
- ശക്തനായ ശ്രീ ലക്ഷ്മണൻ
- സ്വാമി ശ്രദ്ധാനന്ദ സരസ്വതി– ഹിന്ദു രക്തസാക്ഷി.
- സുഭാഷിതം – 37
- ഗീതാ ശ്ലോകങ്ങൾ അധ്യായം 2. (1–5)
- ക്വിസ് –22
- വാർത്തകൾ

## ഹരിവരാസനത്തിന്റെ ബഹുസ്വരത

(ഡോ.എം.വി.നടേശൻ, പ്രൊഫ. റിട്ട.
ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി)






സംസ്കൃത ഭാഷയിൽ അതിസമ്മതാ വൃത്തത്തിൽ അഷ്ടകരൂപത്തിൽ എഴുതിയ ഹരിവരാസനം എന്ന കീർത്തനം അയ്യപ്പന്റെ ഉറക്കുപാട്ടെന്ന നിലയിൽ ഇന്ന് പ്രസിദ്ധിയാർജ്ജിച്ചിരിക്കുകയാണല്ലോ. യഥാർത്ഥ ത്തിൽ 1923 ൽ കോന്നകത്ത് ജാനകിയമ്മ ഈ കീർത്തനം എഴുതുന്നത് ആലപ്പുഴ ജില്ലയിലെ പുറക്കാടിനടുത്തുള്ള ശിവ ക്ഷേത്രത്തിലെ ഭജന സംഘത്തിന് പാടുന്നതിനു വേണ്ടിയുള്ള ഒരു ഭജനപാട്ട് എന്ന നിലക്കായിരുന്നു. അത് പിന്നീട് പല ഭജനസംഘങ്ങളും അയ്യപ്പൻ പാട്ടിനോടനുബന്ധിച്ച നടന്നിരുന്ന കെട്ടുനിറക്ക് നിരവധി സ്ഥലങ്ങളിൽ പാടിയിരുന്നു. എന്നാൽ പിന്നീടത് മുഴുവൻ അയ്യപ്പ ഭക്തന്മാരുടെയും ഹൃദയമന്ത്രമായി മാറിയ കാഴ്ചയാണ് നാം കണ്ടത്. അതിന് കാരണം 1950–കളുടെ തുടക്കം മുതൽ ശബരിമല അയ്യപ്പന്റെ ഉറക്കുപാട്ട് എന്ന സങ്കൽപത്തിൽ സന്നിധാനത്ത് അത്താഴപൂജ നടക്കുന്ന സമയത്ത് പാടാൻ തുടങ്ങിയതോടെയാണ്. നാനാജാതി മതസ്ഥർക്കും യാതോരു വിധിനിഷേധവും കൂടാതെ കലിയുഗവരദനായ അയ്യപ്പനെ ഉറക്കാൻ ലഭിച്ച വലിയൊരു സൗഭാഗ്യമായിരുന്നു ഇത്. ഭക്തന്മാരാകട്ടെ കഠിനമായ വ്രതങ്ങളുടേയും പ്രാർത്ഥനകളുടെയും ഫലമായി ലഭിച്ച അനുഗ്രഹമെന്ന നിലയിലാണ് ഈ കൃതി പാടിയിരുന്നത്. അങ്ങനെ വരുമ്പോൾ ഓരോ അയ്യപ്പനെയും സംബന്ധിച്ച് അവർക്കിത് ഉണർത്തുപാട്ട് കൂടിയായി മാറുകയാ യിരുന്നു. ശ്രീധർമ്മശാസ്താവിൽ വിലയം പ്രാപിച്ച അയ്യപ്പസ്വാമിയുടെ തിരുസന്നിധിയാണല്ലോ ശബരിമല. ഈ സമന്വയത്തിന്റെ മൂർത്തിയെ ഉണർത്തി, ഷോഡശോപചാരങ്ങൾ നൽകി വീണ്ടും യോഗ നിദ്രയിലേക്ക് ലയിപ്പിക്കുമ്പോൾ അവിടുത്തെ സ്വരൂപം ശ്രീധർമ്മശാസ്താവിന്റേത് തന്നെയാണ് എന്ന് ഓർമ്മപ്പെടുത്തുന്ന ഉപദേശ വാക്യങ്ങളാണ് ഇതിലെ

ഓരോ പദവും. അങ്ങനെ വരുമ്പോൾ തത്ത്വമസിയെന്ന മഹാവാക്യത്തിന്റെ ആശയമാണ് കൃതിയിലെ പദമലരുകളോരോന്നും എന്ന് വരുന്നു. അതിൽ ഏറ്റവും മർമ്മപ്രധാനമായ പദമാണ് ഹരിവരാസനം എന്നത്. അതുകൊണ്ട് ഹരിവരാസനത്തെ ഉറക്കുപാട്ടും ഉണർത്തുപാട്ടും എന്നപോലെ ഉപദേശവാക്യമായും കണക്കാക്കാം. ഹരിവരാസനം എന്ന സമസ്ത പദവും, ഹരിയെന്ന പദവും, ഹ എന്ന അക്ഷരവും പ്രതിനിധാനം ചെയ്യുന്ന അർത്ഥതലങ്ങൾ വിവരണാതീതമാണ്. ആഗമത്തിന്റെ രഹസ്യമറിയുന്ന സജ്ജനങ്ങൾ ഇക്കാര്യം പലപ്പോഴായി വെളിപ്പെടുത്തിയിട്ടുണ്ട്. ഇതുപോലെ തുടക്കത്തിലെ ഹ-കാരവും ഒടുവിലത്തെ സ-കാരവും ചേർത്തും തിരിച്ചും പറയുമ്പോൾ ഹംസ സോഹം എന്ന അജപാ ഗായത്രി മന്ത്രവും ഇതിൽ നിഗൂഹനം ചെയ്തിട്ടുള്ളതായും കാണാനാകും എന്ന് ചില ഉപാസകന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഇങ്ങനെ വിവിധ തലങ്ങളുണ്ട് അതിവിശിഷ്ടമായ ഈ കീർത്തനത്തിന്. 1975 കാലത്ത് സ്വാമി അയ്യപ്പൻ എന്ന സിനിമയിൽ പാട്ടായി ചേർക്കാൻ അതിന്റെ അണിയറ പ്രവർത്തകർ തീരുമാനിച്ച വിഷയം ഏവർക്കും അറിയാവുന്ന കാര്യമാണ്. ശബരിമലയിൽ അക്കാലത്ത് ഭക്തിപൂർവ്വം ചൊല്ലിയിരുന്ന മദ്ധ്യമാവതി രാഗത്തിൽ തന്നെ പ്രസിദ്ധ സംഗീത സംവിധായകൻ ജി. ദേവരാജൻ മാസ്റ്റർ പ്രസ്തുത കൃതി സിനിമക്കിണങ്ങുന്ന തരത്തിൽ ചിട്ടപ്പെടുത്തി യേശുദാസിനെ കൊണ്ട് പാടിപ്പിച്ചത്. സിനിമയിൽ ഹരിവരാസനത്തിനോടൊപ്പം വയലാറിന്റെയും ശ്രീകുമാരൻ തമ്പിയുടെയും മലയാള ഭാഷയിലുള്ള മനോഹരമായ അയ്യപ്പൻ പാട്ടുകളും ഉണ്ടായിരുന്നു. സിനിമ പുറത്തിറങ്ങിയതോടെ മലയാളക്കര മാത്രമല്ല തെന്നിന്ത്യ മുഴുവൻ പുതിയൊരു ദൃശ്യാനുഭവത്തിന് സാക്ഷിയാകുകയായിരുന്നു.

തമിഴിലും, തെലുങ്കിലും, കന്നടയിലും കൂടി സിനിമ ഇറങ്ങിയതോടെ ശബരിമലയുടെ പ്രസിദ്ധിയും വർദ്ധിച്ചു. ഇതോടെ അവിടങ്ങളിൽ നിന്നും ധാരാളം അയ്യപ്പൻമാർ അയ്യനെ കൊതിതീരെ കണ്ട് വണങ്ങുന്നതിനായി ഇരുമുടിയുമേന്തി എല്ലാ വർഷവും വരാൻ തുടങ്ങി. അങ്ങനെ വന്നിരുന്ന അയ്യപ്പന്മാരെല്ലാം മാലയിടുന്ന സമയം മുതൽ ഹരിവരാസനം കീർത്തനമായും മന്ത്രമായും ശരണഘോഷമായും പാട്ടുമായും ഹൃദയത്തിൽ ഏറ്റിയിരുന്നു.

അങ്ങനെ സിനിമ എന്ന ആധുനിക മാധ്യമത്തിന്റെ സഹായത്തോടെ പുറത്തുവന്നപ്പോൾ ഭക്തിനിർഭരമായ ഭാവത്തോടെ മാമലകൾക്കപ്പുറത്തുള്ളവരെല്ലാം പല നിലകളിൽ ഈ പാട്ട് സ്വീകരിക്കുകയാണുണ്ടായത്.

മലചവിട്ടാനായി ചിന്മുദ്രയണിഞ്ഞ അയ്യപ്പന് ഇതിലെ ഓരോ പദങ്ങളും ശരണമന്ത്രമായിരുന്നു. ഭൂതനായകനേ ശരണമയ്യപ്പാ, ഹരിഹരാത്മജനേ ശരണമയ്യപ്പാ, വിശ്വമോഹനനേ ശരണമയ്യപ്പാ, എന്നിങ്ങനെയുള്ള ശരണമന്ത്രങ്ങൾ അയ്യപ്പന്മാർക്ക് പാദബലവും ദേഹബലവും നൽകി. കല്ലും മുള്ളും

നിറഞ്ഞ കാനനപാത കാലിനു മെത്തയാക്കി മാറ്റുന്ന തരത്തിലുള്ള താരകമന്ത്രമായാണ് അനുഭവപ്പെട്ടിരുന്നത്.

ഇതുപോലെ തന്നെ – ഓം ഹരിവരാസനായ നമഃ, ഓം വിശ്വമോഹനായ നമഃ, ഓം ഹരിദധീശ്വരായ നമഃ, ഓം ആരാധ്യപാദുകായ നമഃ – എന്നിങ്ങനെ ഓരോ പദവും ഓംകാരം കൂടി ചേർത്ത് ചൊല്ലി അക്ഷതവും പൂവും സമർപ്പിച്ച് അർച്ചന മന്ത്രങ്ങളായി ശബരീശനെ പൂജിക്കുന്ന രീതിയും അയ്യപ്പന്മാർ പിന്തുടർന്നു. വലിയ തന്ത്ര മന്ത്രങ്ങളൊന്നും അറിഞ്ഞിട്ടല്ല, അപാരമായ അയ്യപ്പഭക്തിയിൽ സർവം സമർപ്പിച്ച സാധാരണക്കാരായ അയ്യപ്പഭക്തരായിരുന്നു ഹരിവരാസനത്തെ നവധാ ഭക്തിയുടെ ഭാഗമായി ഇങ്ങനെയെല്ലാം ഉപയോഗിച്ചിരുന്നത്.

ചുരുക്കത്തിൽ ജാനകി അമ്മ എഴുതിയ "ഹരിവരാസനം സ്വാമി വിശ്വമോഹനം, ഹരിദധീശ്വരം സ്വാമി ആരാധ്യ പാദുകം" എന്ന് തുടങ്ങുന്ന കീർത്തനം പലനിലകളിൽ ഇന്ന് ഉപയോഗിച്ച് വരുന്നുണ്ടെന്ന് കാണാം . ഇതെല്ലാം ഹരിവരാസനമെന്ന കൃതിയുടെ ബഹുസ്വരതയും ജനകീയതയും അതിനുമപ്പുറത്തുള്ള ദൈവികതയേയുമാണ് സൂചിപ്പിക്കുന്നത്. ഏറ്റവും ഒടുവിൽ ഇറങ്ങിയ മാളികപ്പുറം സിനിമയിലും ഈ കൃതി വളരെ മനോഹരമായി ചേർത്തിട്ടുണ്ട്. പൊതുവേ ഭക്തിയോട് യാതൊരു താൽപര്യവുമില്ലെന്ന് പറയുന്ന ന്യൂജൻ പോലും വലിയ ആവേശത്തോടെയാണ് ഈ ഗാനത്തെ ഏറ്റെടുത്തത്. ഇതൊക്കെ കാണിക്കുന്നത് ജനമനസ്സുകളിൽ ഹരിവരാസനം അന്നും ഇന്നും ചെലുത്തിയ സ്വാധീനത്തെയാണ്.

2023 ഹരിവരാസനത്തിന്റെ രചനാ ശതാബ്ദി ആണല്ലോ. ഈ കാലത്തിനിടയിൽ നാം തിരിഞ്ഞു നോക്കുമ്പോൾ അയ്യപ്പസ്വാമിയുമായി ബന്ധപ്പെട്ട് വിവിധ ഭാഷകളിൽ വന്നിട്ടുള്ള അയ്യപ്പൻ പാട്ടുകളുടെ സംഖ്യ അനവധിയാണെന്ന് കാണാം. ഇതിൽ ഒട്ടനവധി കൃതികൾ സംഗീതത്തിന്റേയും സാഹിത്യത്തിന്റേയും ദാർശനികതയുടേയും ധാർമികതയുടെയും ഭാഷാ സൗഷ്ഠവത്തിന്റേയും കാര്യത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നതാണ്. എന്നാൽ അവക്കൊന്നും ലഭിച്ചിട്ടില്ലാത്ത അംഗീകാരവും സൗഭാഗ്യ വുമാണ് ഹരിവരാസനത്തിന് ലഭിച്ചിട്ടുള്ളത്. ഇങ്ങനെ സർവ സമ്മതമായ രീതിയിൽ പ്രസിദ്ധിയാർജിക്കുന്നതിന് പല കാരണങ്ങളുണ്ട്.

അതിൽ പ്രധാനം അനേക വർഷങ്ങളായി വ്രതമെടുത്ത കോടിക്കണക്കിന് വരുന്ന അയ്യപ്പന്മാർ ദിവസവും പുരശ്ചരണം പോലെ ചൊല്ലി ചൈതന്യം വരുത്തിയതാണ് ഇതിലെ വരികളോരോന്നും. അതു പോലെ ദേവഭാഷയായ സംസ്കൃതത്തിൽ എഴുതിയത് കൊണ്ട് ഇന്ത്യയിലെ ഏത് സംസ്ഥാനത്തുള്ളവർക്കും തങ്ങളുടെ ഭാഷയിലാണിത് എന്നൊരു അനുഭവമണ് ഉണ്ടായിരുന്നത് . വിശേഷിച്ച് തമിഴ്, കന്നട, തെലുങ്ക്

തുടങ്ങിയ ഭാഷ സംസാരിക്കുന്നവരുടെയിടയിൽ. മലയാളികൾ ഇന്നും ഇത് മലയാളത്തിലുള്ള കൃതിയാണെന്നാണ് വിശ്വസിക്കുന്നത്. സിനിമ പാട്ട് എന്ന നിലയിൽ പ്രസിദ്ധിയാർജ്ജിച്ചതോടെ കൃതിയുടെ രചയിതാവ് ആരെന്ന് അന്വേഷണവും അനിശ്ചിതത്വവും ഏറേക്കാലം ചർച്ചകളിൽ നിറഞ്ഞു നിന്നിരുന്നു. സംസ്കൃത വ്യാകരണവുമായി ഒത്തു നോക്കുമ്പോൾ ചില വരികളിൽ ചൂണ്ടിക്കാട്ടിയിരുന്ന പിഴവുകൾ സംബന്ധിച്ച കാര്യങ്ങളും ഇതുപോലെ കൃതിയെ സജീവമായി നിലനിറുത്താൻ സഹായിച്ചു .

അയ്യപ്പന്റെ ഉറക്കു പാട്ടെന്നു വിശേഷിപ്പിക്കുന്ന രചനയിൽ അയ്യപ്പനുമായി ബന്ധമില്ലാത്ത വിശേഷണങ്ങളാണ് പലപദങ്ങളിലുമായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് അയ്യപ്പനുമായി ബന്ധപ്പെട്ട് കേട്ടറിഞ്ഞ കഥകൾക്കു വിരുദ്ധമായതായിരുന്നു. അതിനാൽ ഭാഷയിലും സാഹിത്യത്തിലും പുരാണങ്ങളിലും വേണ്ടത്ര അറിവില്ലാത്ത ആരോ ഒരാൾ എഴുതിയതാണ് എന്ന ആക്ഷേപം ചൂണ്ടിക്കാട്ടി നിരവധി പേർ മുന്നോട്ടുവന്നിരുന്നു. യഥാർത്ഥത്തിൽ ശ്രീ ധർമ്മശാസ്താവിന്റെ സ്വഭാവത്തെയും സ്വരൂപത്തെയും പ്രതിപാദിക്കുന്നതാണ് ഇതെല്ലാം എന്ന അടിസ്ഥാന സങ്കല്പം ഇല്ലാത്തതായിരുന്നു അതിനു കാരണം.


(തുടരും)

---

## ഹരിഹരാത്മജാഷ്ടകം
## (ഹരിവരാസനം) – 5

(ശ്രീ P R ജനാർദ്ദനൻ നായർ, എറണാകുളം)








**ശ്ലോകം – 7**

കളമൃദുസ്മിതം സുന്ദരാനനം
കളഭകോമളം ഗാത്രമോഹനം
കളഭകേസരീവാജിവാഹനം
ഹരിഹരാത്മജം ദേവമാശ്രയേ...

**കളമൃദുസ്മിതം:** കള എന്നാൽ മനോഹരം, മൃദുസ്മിതം ചെറു പുഞ്ചിരി. മനോഹരമായ ചെറു പുഞ്ചിരിയോടു കൂടിയവൻ. ഇതിനോടൊപ്പം അടുത്ത പദമായ സുന്ദരാനനം എന്നു കൂടി ചേർത്തന്വയിച്ച് സൗന്ദര്യം നിറഞ്ഞു തുളുമ്പുന്ന മുഖത്ത് മനോഹരമായ ചെറു പുഞ്ചിരിയോടു കൂടിയിരിക്കുന്നവൻ എന്നു മനസ്സിലാക്കണം. സുന്ദരാനനം എന്ന പദം മുൻപ് നാലാമത്തെ ശ്ലോകത്തിൽ വിശദമായി വ്യാഖാനിച്ചിട്ടുണ്ട്.

**കളഭകോമളം ഗാത്രമോഹനം:** കളഭക്കൂട്ട് എന്ന ചന്ദനക്കൂട്ട് ചന്ദനം, അകിൽ, ഗുൽഗുലു, മാഞ്ചി, കുങ്കുമം, കൊട്ടം, ഇരുവേലി, രാമച്ചം എന്നീ എട്ടു സുഗന്ധ ദ്രവ്യങ്ങൾ ചേർന്ന കൂട്ടാണ്. ഇതു ചാർത്തുന്നതിനെയാണ് കളഭച്ചാർത്ത് എന്ന് സാധാരണ പറയുന്നത്. ഇത് ദേവന്മാർക്ക് വളരെ പ്രിയങ്കരമായതായി കണക്കാക്കപ്പെടുന്നു. ഭഗവാന്റെ ശരീരം ഈ കളഭം പോലെ സ്നിഗ്ധ സുന്ദരവും മനോമോഹനവുമാണ്. അതിനാൽ 'കളഭകോമളം ഗാത്രമോഹനം' എന്ന വിശേഷണം കളഭം ചാർത്തി മനോഹരമാക്കിയ വിഗ്രഹത്തോടു കൂടിയ ഭഗവാനു നന്നായി യോജിക്കും. ഭസ്മം ശൈവമാണെന്ന് കരുതുന്നതു പോലെ ചന്ദനം വൈഷ്ണവമാണെന്നും കണക്കാക്കപ്പെടുന്നു. കഴിഞ്ഞ ശ്ലോകത്തിൽ 'ഭൂതിഭൂഷണം' എന്നതിൽ നിന്ന് ധർമ്മശാസ്താവ് ശിവൻ തന്നെ എന്ന് വ്യാഖാനിച്ചതു പോലെ 'കളഭകോമളം ഗാത്രമോഹനം' എന്നതിൽ നിന്ന് ധർമ്മശാസ്താവ് മഹാവിഷ്ണു തന്നെയാണെന്നും അർത്ഥമെടുക്കേണ്ടതാണ്. ശിവനും വിഷ്ണുവും ഭഗവാൻ തന്നെയെന്നു താല്പര്യം.

**കളഭകേസരീവാജിവാഹനം:** സാധാരണയായി വ്യാഖ്യാനിച്ചാൽ കളഭം – ആന, കേസരി – സിംഹം, വാജി – കുതിര എന്നീ വാഹനങ്ങൾ ഉള്ളവൻ എന്നാണർത്ഥം. അയ്യപ്പസ്വാമി ആനപ്പുറത്തു വന്ന് പൂഞ്ഞാർ രാജാവിനെ രക്ഷിച്ചതായി ഒരു കഥയുണ്ട്. അതുപോലെ, കൊള്ളക്കാരനായ വാവരോട് ആന പ്പുറത്തിരുന്നു കൊണ്ടാണ ഭഗവാൻ യുദ്ധം ചെയ്തത് എന്നും പറയുന്നുണ്ട്. അതുകൊണ്ട് ആന വാഹനമായുള്ളവൻ എന്ന് പറയുന്നതിൽ തെറ്റില്ല. എന്നാൽ അദ്ദേഹം സിംഹവാഹനനാണെന്നു സൂചിപ്പിക്കുന്ന കഥകളൊന്നും കേട്ടിട്ടില്ല.

പക്ഷെ, ഹരിവരാസനം എന്ന പദത്തിന് സിംഹശ്രേഷ്ഠന്റെ പുറത്ത് ഇരിക്കുന്നവൻ, സിംഹത്തെ വാഹനമാക്കിയവൻ എന്നും മറ്റും വ്യാഖാനിച്ചു കാണുന്നുണ്ട്. പക്ഷേ അത് അത്ര പ്രസക്തമായ വ്യാഖ്യാനമായി തോന്നുന്നില്ല. എന്തെന്നാൽ, ആദ്യ ശ്ലോകത്തിൽ – ഹരിവരാസനം വിശ്വമോഹനം ഹരിദധീശ്വരാരാധ്യ പാദുകം – എന്നാണല്ലോ വിശേഷിപ്പിക്കുന്നത്. വിശ്വമോഹനത്വമുള്ളവനും ദേവേന്ദ്രനാൽ പൂജിക്കപ്പെടുന്നവനും എന്ന വിശേഷണം യോജിക്കുന്നത്

ചക്രവർത്തി തുല്യനായി പൊന്നിൻ സിംഹാസനത്തിൽ വിരാജിക്കുന്ന ഭഗവാനാണ്, മറിച്ച് സിംഹവാഹനനായിരിക്കുന്ന ഭഗവാനല്ല. തുരഗ വാഹനൻ എന്നു മുൻപേ വിശേഷിപ്പിച്ചതുപോലെ തന്നെ വാജിവാഹനൻ എന്നതു സാർത്ഥകം തന്നെ.

സിംഹവാഹനൻ എന്നതിന് ആധികാരികമായ സൂചനകൾ ഒന്നും കാണാത്തതിനാൽ, ഇതിനെ മറ്റൊരർത്ഥത്തിൽ വ്യാഖ്യാനിക്കാം. കേസരം എന്നാൽ കുഞ്ചിരോമം എന്നാണർത്ഥം, കേസരി – കുഞ്ചിരോമമുള്ളവൻ. കേസരി എന്നതിന് സിംഹം എന്നും കുതിരയെന്നും അർത്ഥമുണ്ട്. കേസരിവാജി എന്നാൽ കുഞ്ചിരോമമുള്ള കുതിര. കളഭം എന്നതിന് അസ്പഷ്ടവും മനോഹരവുമായ ശബ്ദം എന്നും അർത്ഥമുണ്ട്. ശ്രീധർമ്മശാസ്താവിന്റെ വാഹനം അസ്പഷ്ടവും മനോഹരമായ ശബ്ദം പുറപ്പെടുവിക്കുന്നതും കുഞ്ചിരോമമുള്ളതുമായ കുതിരയാണ് എന്ന് വ്യാഖ്യാനിക്കാവുന്നതാണ്. ആന, സിംഹം, കുതിര എന്നീ മൂന്ന് വാഹനങ്ങൾ ഉള്ളവൻ എന്നതിനേക്കാൾ ഈ വ്യാഖ്യാനമാകും അനുയോജ്യം എന്ന് കരുതുന്നു. ഹരിഹരാത്മജനായ ഭഗവാനെ ഞാൻ ആശ്രയിക്കുന്നു.

**ശ്ലോകം – 8**

ശ്രിതജനപ്രിയം ചിന്തിതപ്രദം
ശ്രുതിവിഭൂഷണം സാധുജീവനം
ശ്രുതി മനോഹരം ഗീതലാലസം
ഹരിഹരാത്മജം ദേവമാശ്രയേ...

**ശ്രിതജനപ്രിയം:** ആശ്രിതൻ, സേവകൻ എന്നെല്ലാമാണ് ശ്രിതപദത്തിന്റെ അർത്ഥം. ശ്രിതജനങ്ങൾ എന്നാൽ ആശ്രിതന്മാരും സേവകരുമായ ജനങ്ങൾ. അങ്ങിനെ തന്നെ ആശ്രയിക്കുന്നവരോട് പ്രിയമുള്ളവനാണ് ഭഗവാൻ. ഭഗവാനെ ആശ്രയിക്കുന്നത് ഭക്തന്മാരാണല്ലോ. അതിനാൽ ശ്രിതജനപ്രിയൻ എന്നാൽ ഭക്തപ്രിയൻ എന്നർഥം.

**ചിന്തിതപ്രദൻ:** എന്ന പദം അഞ്ചാം ശ്ലോകത്തിൽ സവിസ്തരം വ്യാഖാനിച്ചിട്ടുണ്ട്. 'ശ്രിതജനപ്രിയം ചിന്തിതപ്രദം' എന്നത് ഒറ്റപ്പദമായും വ്യാഖാനിക്കാവുന്നതാണ്. ഭക്തരോട് പ്രിയമുള്ളവനും, അവരുടെ അഭീഷ്ടങ്ങൾ അവർ ചോദിക്കാതെ തന്നെ മനസ്സിലാക്കി സാധിച്ചു കൊടുക്കുന്നവനുമാണ ഭഗവാൻ.

**ശ്രുതിവിഭൂഷണം:** ശ്രുതി എന്ന പദം വേദങ്ങളെയാണ് സൂചിപ്പിക്കുന്നത്. വേദങ്ങളെ ഭൂഷണമാക്കിയവൻ എന്നാണർത്ഥം. വേദങ്ങൾ എന്നാൽ ജ്ഞാനം, അറിവ്. ഭഗവാന്റെ ഭൂഷണം ബാഹ്യമായ അലങ്കാര വസ്തുക്കളല്ല, ജ്ഞാനമാണ്. അതായത്, ജ്ഞാനത്തെ ഭൂഷണമാക്കിയവൻ ശ്രുതിവിഭൂഷണൻ.

നിഷ്കളബ്രഹ്മമായും സകലദേവതകളായും വേദങ്ങളിൽ ഭഗവാൻ വർണ്ണിക്കപ്പെട്ടിരിക്കുന്നു. വേദവർണിതൻ എന്ന് മുൻപൊരു ശ്ലോകത്തിൽ വിശദീകരിച്ചതിൽ

നിന്ന്, വേദത്തെ ഭൂഷണമാക്കിയവൻ മാത്രമല്ല, വേദങ്ങൾക്കു ഭൂഷണമായിട്ടുള്ളവൻ എന്നുകൂടി മനസ്സിലാക്കേണ്ടതാണ്.

**സാധുജീവനം:** മനുഷ്യർ സച്ചിന്തകളോടെ, സദ്പ്രവൃത്തികൾ ചെയ്ത് സജ്ജനങ്ങളായി ജീവിക്കേണ്ടവരാണ്. അതിനു മാതൃകയാണു ഭഗവാന്റെ കർമ്മങ്ങൾ. ഈ കീർത്തനത്തിൽത്തന്നെ ഭഗവാന്റെ അനേകം സദ്ഗുണങ്ങൾ വിശദീകരിച്ചിട്ടുണ്ടല്ലോ. ഈ അഷ്ടകത്തിലൂടെയും ഇതുപോലെ ഭക്തിപ്രധാനങ്ങളായ മറ്റു കീർത്തനങ്ങളിലൂടെയും ആ ഗുണകർമ്മസ്വഭാവങ്ങളെ വാഴ്ത്തിപ്പാടുകയും അവയെ സ്വാംശീകരിച്ച് അതനുസരിച്ചു ജീവിക്കുകയും ചെയ്യുന്ന എല്ലാവരും സജ്ജനങ്ങളായിത്തീരും. അങ്ങിനെയുള്ള ഭക്തരുടെ എല്ലാ ആവശ്യങ്ങളും ഭഗവാൻ നിർവഹിച്ചുകൊള്ളും.

“അനന്യാശ്ചിന്തയന്തോ മാം
യേ ജനാഃ പര്യുപാസതേ
തേഷാം നിത്യാഭിയുക്താനാം
യോഗക്ഷേമം വഹാമ്യഹം”

– ‘യാതൊരുവർ അന്യചിന്തകൾ വിട്ട് എന്നെത്തന്നെ ഉപാസിക്കുന്നുവോ അങ്ങനെ ആത്മൈക്യം സിദ്ധിച്ചവരായ, അതായത് തനിക്കും ഭഗവാനും തമ്മിൽ ഭേദം ദർശിക്കാത്ത ആത്മാരാമന്മാരായ, അവരുടെ യോഗക്ഷേമങ്ങളെ ഞാൻ തന്നെ വഹിക്കുന്നു.’ എന്ന് ഭഗവദ്ഗീതയിൽ വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ, ഭക്തജനങ്ങൾക്കു വേണ്ടതായ ജീവനോപാധികൾ നൽകി അവരുടെ സംരക്ഷണച്ചുമതല നിർവഹിക്കുന്നവനാണു ഭഗവാൻ. സംരക്ഷണം മാത്രമല്ല, അവരുടെ കർമ്മപഥങ്ങളിൽ പ്രേരണ നൽകുന്നവൻ കൂടിയാണു ഭഗവാൻ.

**ശ്രുതിമനോഹരം ഗീതലാലസം:** പരമാത്മസ്വരൂപനായ ഭഗവാന്റെ സ്തുതികളാലും വർണ്ണനകളാലുമാണ് ശ്രുതികൾ, അതായതു വേദങ്ങൾ മനോഹരങ്ങളായിരിക്കുന്നത്. ഈ ആശയം തന്നെയാണ് ശ്രുതിവിഭൂഷണൻ എന്ന പദം കൊണ്ടും ഉദ്ദേശിക്കുന്നത്.

ഭഗവാന് ബ്രഹ്മസ്വരൂപൻ എന്ന അർത്ഥത്തിൽ നിർഗുണഭാവവും ദേവൻ എന്ന അർത്ഥത്തിൽ സഗുണഭാവവുമുണ്ട്. ഇവ രണ്ടും വർണ്ണിക്കപ്പെടുന്നതാണു ശ്രുതികളുടെ മനോഹാരിത. അങ്ങനെ ശ്രുതികളെ സുന്ദരമാക്കുന്നതിനാൽ ശ്രുതിമനോഹരൻ എന്ന വിശേഷണം.

കേൾക്കാൻ സുഖമുള്ള, ശ്രവണസുഖദമായ, കർണ്ണാനന്ദകരമായ ഗാനമാണ് ശ്രുതി മനോഹരം ഗീതം. ശ്രുതിയും താളവും അനുസരിച്ചു ലയിച്ചു പാടിയാലേ സംഗീതം ശ്രുതിമനോഹരമാകൂ. സംഗീതശാസ്ത്രത്തിലെ ഒരു അവിഭാജ്യഘടകമാണല്ലോ ശ്രുതി. ശ്രുതിമധുരമായ ഗാനങ്ങൾ കേൾക്കുന്നതിൽ ലാലസൻ, തല്പരൻ, പ്രിയമുള്ളവനാണു ഭഗവാൻ. നൃത്തലാല

സനാണ ഭഗവാൻ എന്ന് രണ്ടാമത്തെ ശ്ലോകത്തിൽ നാം കണ്ടതാണല്ലോ. ഭഗവാനെ നൃത്ത, ഗീത, താള, മേള ലാലസനായി വർണിക്കാറുണ്ട്. ശ്രുതിമധുരങ്ങളായ ഗാനങ്ങളിൽ ഔൽസുക്യമുള്ളവൻ എന്നാണ് ലാലസൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഭഗവാന്റെ ആരാധനാ രീതികളിൽ, ഉപാസനാ കാര്യങ്ങളിൽ ശ്രുതിമധുരമായ അയ്യപ്പഗാനങ്ങളും ശരണം വിളികളും ഭജനകളും സർവസാധാരണ മാണല്ലോ. ഇതോടൊപ്പം താളമേളങ്ങളും ഉണ്ടാകും. ശ്രുതിമധുരമായ അയ്യപ്പഗാനങ്ങളും താളാത്മകമായ ശരണംവിളികളുമെല്ലാം ഭഗവാൻ 'ശ്രുതിമനോഹരനും, നൃത്തഗീതലാലസനു'മൊക്കെയായതുകൊണ്ടാണ്. അങ്ങിനെ, ഭക്തരുടെ എല്ലാ അഭീഷ്ടങ്ങളും ചോദിക്കാതെ തന്നെ നൽകുന്നവനും, വേദങ്ങൾക്ക് ഭൂഷണമായിട്ടുള്ളവനും സാധുജനങ്ങൾക്ക് അവരുടെ ജീവനോപാധികൾ നൽകുന്നവനും ശ്രുതിമനോഹരമായ ഗീതാദികളിൽ ആസക്തിയുള്ളവനും ഹരിഹാരാത്മജനുമായിട്ടുള്ള ശ്രീധർമ്മശാസ്താവിനെ ഞാൻ ആശ്രയിക്കുന്നു, പ്രണമിക്കുന്നു.

## ഉപസംഹാരം

അനവധി വിശേഷണങ്ങളിലൂടെ ഭഗവാന്റെ ഗുണകർമ്മ സ്വഭാവങ്ങൾ എടുത്തു കാണിക്കുന്നതും സനാതനധർമ്മത്തിലെ വിവിധ ഉപാസാനാരീതികളെയും സാധനാ പദ്ധതികളെയും സൂചിപ്പിക്കുന്നതും ഭക്തകോടികളുടെ നാവിലും മനസ്സിലും തത്തിക്കളിക്കുന്നതും ഭക്തി സംവർദ്ധകവുമായ ഈ അനശ്വര കീർത്തനം നൂറു വർഷങ്ങൾക്കു മുമ്പ്, 1923ൽ പരമഭക്തയായ സ്വർഗ്ഗീയ കോന്നകത്തു ജാനകിയമ്മ എന്ന മഹതി എഴുതിയതാണെന്ന കാര്യത്തിൽ ഇന്നിപ്പോൾ യാതൊരു തർക്കവും ഇല്ല. ഈ ഗാനം ഭക്തകോടികളുടെ ഹൃദയത്തിൽ എത്തിച്ചത് ഗാനഗന്ധർവ്വൻ ശ്രീ യേശുദാസിന്റെ സ്വരമാധുരിയിലൂടെയാണെന്നതും അവിസ്മരണീയമാണ്. ഭക്തിപ്രധാനമായ ഈ കീർത്തനത്തെ വെറും ഉറക്കുപാട്ടായി കാണാതെ, അതിലടങ്ങിയിരിക്കുന്ന തത്വമുത്തുകൾ കണ്ടെത്താനും ഉൾക്കൊള്ളാനും പ്രചരിപ്പിക്കാനുമുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഈ അനശ്വര കീർത്തനം പാടുകയും കേൾക്കുകയും അനുസന്ധാനം ചെയ്യുകയും ചെയ്യുന്ന എല്ലാ ഭക്തരും കീർത്തനപ്രിയനും ഗീതലാലസനും സകലരുടെയും ഉള്ളിൽ നൃത്തലാലസനായി വിളയാടുന്നവനും അന്തര്യാമിയായി വർത്തിക്കുന്നവനും ഗുരു കൃപാകരനും സുന്ദരാനനുമായ ഭഗവാൻ ശ്രീധർമ്മശാസ്താവിന്റെ സവിശേഷ കൃപാകടാക്ഷങ്ങൾക്കു പാത്രീഭൂതരായിത്തീരുമാറാകട്ടെ.

സ്വാമിയേ ശരണമയ്യപ്പ..!!!

(അവസാനിച്ചു)

———————————————

# ഷോഡശസംസ്കാരങ്ങൾ : ഭാഗം 2

(ഡോ. പി. വി. വിശ്വനാഥൻ നമ്പൂതിരി,
റിട്ട. സംസ്കൃതം പ്രൊഫസർ, ബസേലിയസ് കോളേജ്, കോട്ടയം)



**4. ജാതകർമ്മം :** ശിശു ജാതമായ ഉടനെ, (ജനിച്ച ഉടനെ) ചെയ്യുന്ന കർമ്മമാണ് ജാതകർമ്മം. പൊക്കിൾകൊടി വേർപ്പെടുത്തും മുമ്പ് ജാതകർമ്മം നടത്തേണ്ടതാണ്.

"മന്ത്രവത് പ്രാശനം ചാസ്യ ഹിരണ്യ മധുസർപിഷാ"

'മന്ത്രവത് പ്രാശനം' - മന്ത്രപൂർവ്വമായ അശനം. ഹിരണ്യം (സ്വർണ്ണം), മധു (തേൻ), സർപിസ് (നെയ്യ്) - നെയ്യും തേനും ചേർത്ത് സ്വർണ്ണം ഉരച്ച് നാവിൽ കൊടുക്കുക. ഇത് ജനിച്ച ഉടൻ ചെയ്യേണ്ടതാണ്. പൊന്നും തേനും കൊടുക്കുക എന്ന് പറയാറുണ്ടെങ്കിലും പലരും ഇപ്പോഴിതൊന്നും ചെയ്യാറില്ല. ഇത് മന്ത്രപൂർവ്വം ചെയ്യേണ്ട ചടങ്ങാണ്. പ്രാശനം എന്നാൽ നാവിൽതേച്ച് കഴിപ്പിക്കുക. ഗർഭാവാസദോഷം പരിഹരിക്കാനാണ് ഈ കർമ്മം. പത്തു മാസം ഗർഭത്തിൽ കിടന്നപ്പോൾ ഉണ്ടാകാവുന്ന ദോഷങ്ങൾ ധാരാളമാണ്. ഇടുങ്ങിയ തടവറ പോലെയുള്ള ഗർഭപാത്രത്തിൽ പത്തുമാസം കഴിയുകയെന്നത് വലിയ ശിക്ഷ തന്നെയാണ്. ശിശു അനങ്ങാനാകാതെ ജരായുവിനാൽ മൂടപ്പെട്ട് കഴിയുകയാണ്. ഗർഭാവാസത്തിൽ സംഭവിച്ച അമ്മയുടെ ചിന്തകളുടെ, ഭക്ഷണത്തിന്റെ, മനോ വ്യാപാരത്തിന്റെ ദോഷങ്ങൾ കുഞ്ഞിനെ ബാധിച്ചിരിക്കാം. ഇത്തരം ദോഷങ്ങൾ വരാതെ ശ്രദ്ധിക്കണമെന്ന് മുമ്പ് പറഞ്ഞതാണ്. എങ്കിലും ചില ദോഷങ്ങൾ വന്നേക്കാം. അങ്ങനെ വരുന്ന ദോഷങ്ങളുടെ പരിഹാരമായി മൂന്നു വസ്തുക്കൾ - തേൻ, നെയ്യ് എന്നിവ ചേർത്ത് സ്വർണ്ണം ഉരച്ച് നാവിൽ കൊടുക്കുന്നു. ബുദ്ധിയുടെയും യശസ്സിന്റെയും ബലത്തിന്റെയും പ്രതീകങ്ങളാണ് ഇവ. നെയ്യ് ബുദ്ധിക്കും, സ്വർണ്ണം യശസ്സിനും, തേൻ ബലത്തിനും വേണ്ടിയാണ്. ഈ മൂന്നും കുഞ്ഞിലേക്ക് സംക്രമിച്ച് രസാനുഭൂതി നാവിൽ ഉണ്ടായ ശേഷമാകണം മുലപ്പാൽ കുടിക്കുന്നത്. ഈ മൂന്ന് വസ്തുക്കളുടെ രസം നാവിൽ ഒരല്പം തേച്ചുനുണഞ്ഞ ശേഷം മുലപ്പാൽ നല്കാം. ആദ്യമായി മുലപ്പാല് നല്കുന്നതിനും മുമ്പാണ് ജാതകർമ്മം ചെയ്യേണ്ടത്.

**5. നാമകരണം :** പേരിടൽ ചടങ്ങ് നമുക്ക് പരിചിതവും പലരും ചെയ്തു വരുന്നതുമാണ്. പൊതുവെ കുഞ്ഞിന്റെ ജനനശേഷം ആദ്യമായി ചെയ്യുന്ന ചടങ്ങാണിത്. ഇരുപത്തെട്ടുകെട്ടുക, പേരിടുക എന്നീ ചടങ്ങുകൾ

സാധാരണ ചെയ്യാറുണ്ട്. സ്മൃതികൾ വിധിച്ച രീതിയിലാണെങ്കിൽ പത്താം ദിവസം അല്ലെങ്കിൽ പന്ത്രണ്ടാം ദിവസം പേരിടണം. പത്ത് ദിവസത്തിനകം ഗർഭാവാസ ദോഷങ്ങൾ പരിഹരിച്ച് കഴിഞ്ഞിരിക്കും. അത് കഴിഞ്ഞാൽ പേരിടാം. പത്താം ദിവസം അല്ലെങ്കിൽ പരമാവധി പന്ത്രണ്ടാം ദിവസം പേരിടാം. ഒരു വസ്തു നിർമ്മിച്ചാൽ, പുതുതായി കണ്ടുപിടിച്ചാൽ ഉടനെ നാം അതിനു പേര് കൊടുക്കും. നൂതനമായ എന്ത് സൃഷ്ടിക്കപ്പെട്ടാലും അതിനു പേരിടും. നവജാതശിശു ഈ പ്രപഞ്ചത്തിലെ ഒരു ഘടകമായി, ഒരു അംഗമായി മാറുന്നു എന്നതിന്റെ സൂചനയാണ് പേരിടൽ. പാരമ്പര്യമായി ലഭിച്ച പേരാണ് ഇടേണ്ടത് എന്നാണ് പ്രമാണം. അച്ഛന്റെയോ അമ്മയുടേയോ മുൻതലമുറയിൽ നിന്ന് ലഭിച്ച പേര് കുടുംബത്തിന്റെ പാരമ്പര്യം നിലനിർത്തുന്നു. കൂടാതെ ഒരു വിളിപ്പേരും നല്കാറുണ്ട്. 'ദ്വ്യക്ഷരം, ത്ര്യക്ഷരം, ചതുരക്ഷരം വാ നാമ വിദധ്യാത്' – രണ്ടക്ഷരം, മൂന്നക്ഷരം, അഥവാ നാലക്ഷരം ഉള്ള പേരാണ് നല്ലേണ്ടത്. ഒരക്ഷരം മാത്രമുള്ള പേരിടാൻ പാടില്ല. 'ശ്രീ' എന്ന് മാത്രമായി ഒരാൾക്ക് പേരിടാൻ പാടില്ല, ശ്രീമാൻ, ശ്രീമതി എന്നാകാം. ഇത്തരം കുറെ വ്യവസ്ഥകൾ നാമകരണത്തിനുണ്ട്. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രാദികളുടെ പേരുകളുടെ അവസാനം ശർമ, വർമ, ഗുപ്ത, ദാസ എന്നൊക്കെ ചേർക്കാറുണ്ട്. 'ശർമ്മ' ബ്രാഹ്മണനെയും 'വർമ്മ' ക്ഷത്രിയനെയും 'ഗുപ്ത' വൈശ്യനെയും 'ദാസ' ശൂദ്രനെയും സൂചിപ്പിക്കുന്നു. ഒരു കുഞ്ഞിന്റെ വ്യക്തിത്വത്തെ സ്ഥാപിക്കുന്നത് നാമകരണത്തിലൂടെയാണെന്ന് ഇത് കാണിക്കുന്നു.

**6. നിഷ്ക്രമണം:** 'വാതിൽ പുറപ്പാട്' എന്ന് പറയുന്ന ഈ ചടങ്ങ് ആരും ഇക്കാലത്ത് ആചരിച്ച് കാണുന്നില്ല. ജനനശേഷം നാലാം മാസത്തിൽ ആദ്യമായി ശിശുവിനെ വാതിലിനു പുറത്തേക്കു കൊണ്ടുവരുന്ന ചടങ്ങാണ് നിഷ്ക്രമണം. പുറത്തിറങ്ങി ആദ്യം സൂര്യനെ കാണിക്കുകയാണ് ഈ ചടങ്ങിൽ ചെയ്യുന്നത്. അപ്പോൾ സൂര്യകിരണങ്ങൾ ഈ ശിശുവിലേക്ക് സംക്രമിക്കും. ഇത്തരത്തിൽ സൂര്യസ്പർശം മൂലം ശിശുവിന്റെ ത്വക്കിൽ ഉണ്ടായേക്കാവുന്ന ബാഹ്യമായ വൈഷമ്യങ്ങളെ മാറ്റിയെടുക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ഇതു കൂടാതെ, പ്രകൃതിദർശനം – പ്രകൃതിയിലെ എല്ലാ ചരാചരങ്ങളെയും കാണിക്കാനായി, ഉത്തമ വൃക്ഷത്തിന്റെ ചുവട്ടിൽ ശിശുവിനെ നിർത്തുന്നു. (ഉത്തമ വൃക്ഷമായി പ്ലാവിനെയാണ് കരുതുന്നത്) ആ വൃക്ഷത്തിന്റെയും ഈ പ്രകൃതിയുടെയും ഒരു ഭാഗമാണ് ഈ ശിശു.

**7. അന്നപ്രാശനം:** 'അന്നപ്രാശനം' അഥവാ ചോറൂണ് എന്ന ചടങ്ങ് സുപരിചിതവും പൊതുവെ എല്ലാവരും ആചരിക്കുന്നതുമാണ്. ഇത് എല്ലാ വർണികൾക്കും ആകാം. അഞ്ചാം മാസമോ ആറാം മാസമോ അതിനിടയ്ക്കോ അന്നപ്രാശനം നടത്താം. പചനശേഷി

/ ദഹനശേഷി വർദ്ധിപ്പിക്കുന്ന ഒരു സംസ്കാരം എന്നാണ് ഈ ചടങ്ങിന്റെ പ്രസക്തി. അതുവരെ മുലപ്പാൽ മാത്രം കുടിച്ചിരുന്ന കുട്ടി ഇതിനുശേഷം പ്രപഞ്ചഗതങ്ങളായ രസങ്ങളെ അന്നത്തിലൂടെ അനുഭവിക്കുകയാണ്. ഇതിനായി അന്നത്തിൽ മൂന്ന് തരം രസങ്ങൾ കൂട്ടി ച്ചേർക്കുന്നു – ഉപ്പ്, മധുരം, പുളി. പുളിക്കു പകരം തൈരാണ് ചേർക്കുക. ഈ മൂന്നു രസങ്ങളും അന്ന ത്തിലൂടെ കുഞ്ഞിന്റെ നാവിൽ എത്തിക്കുകയാണ്. ഈ മൂന്ന് രസങ്ങളിൽ നിന്നാണ് മറ്റ് മൂന്നു രസങ്ങൾ ഉണ്ടായി ഷഡ് രസങ്ങൾ ആകുന്നത്. ഈ ഷഡ് രസങ്ങൾ എത്തിച്ച് കൊടുത്തു പചനശേഷി വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള മഹത്തായ സംസ്കാരമാണ് അന്ന പ്രാശനം. മാത്രമല്ല, പ്രാണൻ, അപാനൻ, ഉദാനൻ, വ്യാനൻ, സമാനൻ എന്നീ അഞ്ചു തരത്തിലാണ് പ്രാണൻ അകത്തുള്ളത്. ഇവയിൽ സമാനൻ അകത്തെത്തുന്ന ഭക്ഷണത്തെ പാകപ്പെടുത്തി അടുത്ത വഴിയിലേക്ക് എത്തിക്കുന്നു. ഇവയ്ക്കു തങ്ങളുടെ ജോലി ശരിയായി നിർവ്വഹിക്കാൻ സാധിക്കും വിധത്തിൽ, അതായത് അജീർണത ഉണ്ടാകാത്ത തരത്തിലുള്ള ഖരപദാർത്ഥങ്ങൾ കുഞ്ഞിന് നല്കണം. അതിനുവേണ്ടി മന്ത്രമയമായി, പ്രാർത്ഥനകളോടെയും സംസ്കാരത്തോ ടെയും, അനുഷ്ഠാനങ്ങളോടുകൂടി, ഓരോ ഇന്ദ്രിയങ്ങളിൽ കൂടി അന്നം ആസ്വദിക്കണം. അന്നം എന്നാൽ ചോറ് മാത്രമല്ല. ഇന്ദ്രിയങ്ങളിൽ കൂടി അകത്തേക്ക് സ്വീകരിക്കുന്നതെല്ലാം അന്നമാണ്. കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക് എന്നീ പഞ്ചേന്ദ്രിയങ്ങളിൽ കൂടി സ്വീകരിക്കുന്നതെല്ലാം അന്നങ്ങളാണ്.

‘അന്നപതേ അന്നസ്യ നോദേഹി
അനവീമസ്യ ശുഷ്മിണം’

ഈ മന്ത്രം ചൊല്ലിയാണ് അന്നം നല്കേണ്ടത്. മന്ത്ര മില്ലെങ്കിലും മന്ത്രത്തിന്റെ അർത്ഥം മനസ്സിലാക്കി നല്കിയാലും മതിയാകും. അന്നപതിയോടു പ്രാർത്ഥിക്ക യാണ്, ‘നോ അന്നം ദേഹി ‘ ഞങ്ങൾക്ക് അന്നം തരൂ, രോഗഹന്താവായ അന്നം. ‘അനവീമസ്യ ശുഷ്മിണം’ – രോഗത്തെ നശിപ്പിക്കുന്നതാണ് അന്നം. ശരീരത്തി നുണ്ടാകുന്ന രോഗങ്ങൾ അന്നം കൊണ്ടു മാറണം.

**8.ചൂഡാകരണം:** ചൂഡാകരണം എന്നാൽ ക്ഷൗരം അഥവാ ചൗളം എന്നും പറയാം. ഇതൊരു മുണ്ഡനസംസ്കാരമാണ്. ഗർഭത്തിൽ നിന്നും വന്ന മാലിന്യങ്ങൾ ഉള്ള മുടി മുഴുവൻ കളഞ്ഞു പുതിയ മുടി ഉണ്ടായി വരണം. ഏകദേശം മൂന്നു വയസ്സ് ആകുമ്പോൾ മാത്രമേ തലയോട് ഉറച്ച് കത്തികൊണ്ട് സ്പർശിക്കാൻ പാകമാവുകയുള്ളൂ. അത്രയുമില്ലെങ്കിലും ഏതാണ്ട് ഒന്ന്– ഒന്നര വയസ്സെങ്കിലുമാകണം. ശിരസ്സ് ഉറച്ച ശേഷമേ ഈ കർമ്മം ചെയ്യാവൂ. ക്ഷൗരമെന്ന ഈ മുണ്ഡന സംസ്കാരം പുതിയ ശുദ്ധമായ മുടി വളർന്നു വരാൻ വേണ്ടിയാണ്.

**9, 10) ഉപനയനം, വിദ്യാരംഭം:** ‘ഉപനയനം’ എന്നാൽ ‘അടുത്തേക്ക് എത്തിക്കുക’ എന്നാണ്. ‘ഉപ’ എന്നാൽ

സമീപം, 'നയനം' എന്നാൽ എത്തിക്കുക. ആചാര്യന്റെ സമീപത്തേക്കു വിദ്യ അഭ്യസിക്കാൻ വേണ്ടി ശിഷ്യനെ എത്തിക്കുന്ന ചടങ്ങിന്റെ പേരാണ് ഉപനയനം. അഞ്ചുമുതൽ എട്ടു വയസ്സ് വരെയാണ് ഇതിന് അനുവദനീയമായ സമയം. വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള സംസ്കാരമാണ് ഉപനയനം.

വിദ്യാഭ്യാസത്തിനായി ഗുരുവിനു സമീപം എത്തിക്കുമ്പോൾ അദ്ദേഹം ഈ വിദ്യാർത്ഥിക്കു ചില അടയാളങ്ങൾ നല്കും. ആദ്യത്തേത് പൂണൂൽ, അടുത്തത് കൃഷ്ണ മൃഗത്തിന്റെ തോൽ, മറ്റൊന്ന് അരഞ്ഞാണം അഥവാ മേഖല (പുല്ലുകൊണ്ടുള്ള ചരട്) – ഇവ മൂന്നും ധരിപ്പിക്കും. പണ്ടുകാലത്ത് ഇവ മൂന്നും വിദ്യാർത്ഥിയുടെ യൂണിഫോം ആയിരുന്നുവെന്ന് ഇന്നത്തെ ഭാഷയിൽ പറയാം. ഇവ ധരിച്ച മാത്രമേ വിദ്യാർത്ഥി നടക്കാവൂ. വിദ്യാലയത്തിൽ മാത്രമല്ല, വീട്ടിലും നാട്ടിലും എല്ലാം ഇത് വേണം. ഇതിനു പുറമെ ഒരു വടിയും (ദണ്ഡ്) കയ്യിൽ കൊടുക്കും. ഈ വടിയും വിദ്യാർത്ഥിയുടെ അടയാളമാണ്.

ഇവയെല്ലാം ധരിച്ചുകഴിഞ്ഞാൽ വിദ്യാർത്ഥിയായി. ഗുരു ആദ്യമായി നല്കുന്ന മന്ത്രോപദേശമാണ് ഗായത്രീ മന്ത്രം. ഗായത്രീമന്ത്രത്തിന്റെ മഹിമയും വ്യാഖ്യാനവും യജുർ വേദമെന്ന വിഷയത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതിനു ശേഷം ആചമനാദികളോടെ മൂന്നു വേളകളിലും ചെയ്യേണ്ട സന്ധ്യാവന്ദനം ശീലിപ്പിക്കുന്നു. ഇതിനുശേഷം 'ഭിക്ഷാന്നം എടുത്തു ജീവിതം നടത്തു, എന്ന നിർദ്ദേശം നല്കും. എട്ടു വയസ്സുള്ള ഒരു കുട്ടി ഭിക്ഷാടനം നടത്തി ജീവിക്കണം എന്നത് ജീവിതം എന്തെന്നറിയാനുള്ള വലിയ പാഠമാണ്. പകൽ മുഴുവൻ അറിവ് തേടി നടന്ന്, കിട്ടുന്ന ഭിക്ഷ പാകം ചെയ്ത്, അതിൽ ഒരംശം ഗുരുവിനു നല്കി ബാക്കി തനിക്കു കഴിക്കാം. വിദ്യാർത്ഥികൾ ആ കാലത്തു 'സ്വപാകികൾ', സ്വയം ഭക്ഷണം പാകം ചെയ്തു കഴിക്കുന്നവർ, ആയിരുന്നു. മാതാ പിതാക്കൾ ഭക്ഷണം ഉണ്ടാക്കി കൊടുത്തിട്ടല്ല ഭാരതത്തിൽ വിദ്യാർത്ഥികൾ വിദ്യ അഭ്യസിച്ചിരുന്നത്. ഇന്നത്തെ സാഹചര്യങ്ങളിൽ എട്ടുവയസ്സുകാരൻ ഭക്ഷണം പാകം ചെയ്യുന്നതുപോലെയുള്ള കാര്യങ്ങൾ പ്രായോഗികമല്ല. കാലോചിതമായി പുതിയ സ്മൃതികൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഈ ഉദാഹരണം വ്യക്തമാക്കുന്നു.

**11, 12) – ഔപനിഷദം, മഹാനാമ്ന്യം:** അടുത്ത രണ്ടു സംസ്കാരങ്ങൾ ഔപനിഷദം, മഹാനാമ്ന്യം എന്നിവയാണ്. 'ഔപനിഷദം' എന്നാൽ വേദാന്ത പഠനമാണ്. 'മഹാനാമ്ന്യ'മെന്നാൽ ഈ സംസ്കാരങ്ങളിൽ വെച്ച് ഏറ്റവും മഹത്തായ സംസ്കാരമെന്നാണ്. ബ്രഹ്മചര്യത്തിൽ അനുഷ്ഠിക്കേണ്ട ഭൗതികമായ അറിവുകൾ നേടുന്നതിനു വേണ്ടിയുള്ള യജ്ഞമാണ് മഹാനാമ്ന്യം.

**13. സമാവർത്തനം:** 'സമാവർത്തനം' എന്നാൽ 'സം ആവർത്തനം' – തിരിച്ചുവിളിക്കുക എന്നാണ്. പഠനം പൂർത്തിയായി ജീവിത ത്തിലേക്ക് തിരിച്ചു വിളിക്കുന്നതാണ് സമാവർത്തനം. വിവാഹത്തിന് തൊട്ടുമുമ്പ്, അതായത് ഗൃഹസ്ഥാശ്രമത്തിലേക്കു പ്രവേശിക്കും മുമ്പ്, ബ്രഹ്മചര്യം

എന്ന ആശ്രമം പൂർണമാക്കി സമാവർത്തനം എന്ന ചടങ്ങ് നടത്തണം. മന്ത്രങ്ങളും ഹോമങ്ങളും ഉൾപ്പെടുന്ന ഒരു സംസ്കാരമാണിത്. 'സത്യം വദ, ധർമ്മം ചര' – സത്യംപറയണം,ധർമ്മംആചരിക്കണം,'സ്വാധ്യായാത് മാ പ്രമദ'– സ്വാധ്യായത്തിൽ നിന്നും അണുവിട വ്യതിചലിക്കരുത്. പഠനത്തിൽ നിന്ന് പിഴച്ചുപോകരുത്. എന്താണോ പഠിച്ചത്, അതിലൂടെ സഞ്ചരിക്കണം. പഠിക്കുന്നത് ജീവിത ദർശനമാണ്. അത് തെറ്റിക്കരുത്. ഇത്തരം മഹനീയമായ ഉപദേശങ്ങളോടെയാണ് വിദ്യാഭ്യാസം പൂർണമാകുന്നത്. ഇത്തരം ഉപദേശങ്ങൾ സ്വീകരിച്ച്, ഗുരുദക്ഷിണ നല്കി, സമാവർത്തനം എന്ന ചടങ്ങിലൂടെ തിരിച്ച വിളിച്ച കഴിഞ്ഞാൽ ഉടൻ തന്നെ വിവാഹം എന്ന സംസ്കാരം ആരംഭിക്കാം, അഥവാ ഗൃഹസ്ഥാശ്രമത്തി ലേക്കു പ്രവേശിക്കാം. ഈ ആശ്രമം ഇല്ലാതെ ജീവിക്കാൻ ആകില്ല. ബ്രഹ്മചര്യം പൂർത്തിയായാൽ ഉടൻ ഗൃഹസ്ഥാശ്രമത്തിലേക്കു പ്രവേശിക്കണം.

(തുടരും)

---

## നേതാജി സുഭാഷ് ചന്ദ്രബോസ് – ധീരനായ ദേശീയ നേതാവ്




ശ്രീ സുഭാഷ് ചന്ദ്രബോസ് (23 ജനുവരി 1897 – 18 ഓഗസ്റ്റ് 1945) ഭാരതത്തിലെ എക്കാലത്തെയും ധീരനായ ദേശീയനേതാവായിരുന്നു. ഇന്ത്യയിലെ ബ്രിട്ടീഷ് അധികാരത്തെ ശക്തമായി എതിർക്കുകവഴി നിരവധി ഇന്ത്യക്കാർക്കിടയിൽ അദ്ദേഹത്തിന് ധീരനായക പരിവേഷം ലഭിച്ചു. എന്നാൽ നാസി ജർമ്മനിയുമായും, ഇംപീരിയൽ ജപ്പാനുമായും ഉള്ള അദ്ദേഹത്തിന്റെ യുദ്ധകാല സഖ്യങ്ങൾ, ഏകാധിപത്യം, യഹൂദ വിരുദ്ധത സൈനിക പരാജയം എന്നിവയാൽ ദുർഘടകരമായ ഒരു സാഹചര്യം സൃഷ്ടിക്കപ്പെട്ടു. 1942–ന്റെ തുടക്കത്തിൽ ജർമ്മനിയിൽ വെച്ച് നേതാജി എന്ന ബഹുമതി ആദ്യമായി നൽകിയത് 'ഇൻഡിഷെ ലീജണിലെ' ഇന്ത്യൻ സൈനികരും ബെർലിനിലെ ഇന്ത്യയ്ക്കായുള്ള പ്രത്യേക ബ്യൂറോയിലെ ജർമ്മൻ, ഇന്ത്യൻ ഉദ്യോഗസ്ഥരും ചേർന്നാണ്. ഇപ്പോൾ ലോകമെമ്പാടും നേതാജി എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്.

1897 ജനുവരി 23–ന് പ്രഭാവതി ബോസിന്റെയും ജാനകിനാഥ് ബോസിന്റെയും മകനായി, കട്ടക്കിലെ ഒരു വലിയ ബംഗാളി കുടുംബത്തിലാണ് സുഭാഷ് ചന്ദ്രബോസ്

ജനിച്ചത്, ഇന്ന് അത് ഭാരതത്തിലെ ഒഡീഷ സംസ്ഥാനത്താണ്. അദ്ദേഹത്തിന്റെ അമ്മ ദുർഗ, കാളി എന്നീ ദേവതകളെ ആരാധിച്ചും, മഹാഭാരതത്തിൽ നിന്നും രാമായണത്തിൽ നിന്നും കഥകൾ പറഞ്ഞും, ബംഗാളി ദൈവീക ഗാനങ്ങൾ ആലപിച്ചും മകനെ വളർത്തി. അനുകമ്പാപൂർവ്വം ദുരിതമനുഭവിക്കുന്ന ആളുകളെ സഹായിക്കാനുള്ള ഒരു മനോഭാവം അമ്മയിൽ നിന്ന്, സുഭാഷ് നേടിയിരുന്നു.

ചെറുപ്പത്തിൽ തന്നെ കോളേജിൽ നിന്നും മറ്റും നേടിയ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുശേഷം ഇന്ത്യൻ സിവിൽ സർവീസ് പരീക്ഷ എഴുതാൻ അദ്ദേഹത്തെ ഇംഗ്ലണ്ടിലേക്ക് അയച്ചു. നിർണായകമായ ആദ്യ പരീക്ഷയിൽ മികച്ച വിജയം നേടിയെങ്കിലും 'ദേശീയത' ഇതിനേക്കാൾ ഉയർന്ന വിളിയാണെന്ന് ചൂണ്ടിക്കാട്ടി ഫൈനൽ പരീക്ഷ എഴുതുന്നതിൽനിന്ന് അദ്ദേഹം പിന്മാറി. 1921-ൽ ഇന്ത്യയിലേക്ക് മടങ്ങിയ ബോസ് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലുള്ള ദേശീയ പ്രസ്ഥാനത്തിലും ഇന്ത്യൻ നാഷണൽ കോൺഗ്രസിലും ചേർന്നു. ജവഹർലാൽ നെഹ്റുവിനെ അനുഗമിച്ച് കോൺഗ്രസിനുള്ളിൽ ഭരണഘടനാ പരിഷ്കരണത്തിൽ താൽപര്യം കുറഞ്ഞതും, അതേസമയം സോഷ്യലിസത്തോട് കൂടുതൽ തുറന്ന മനോഭാവവുമുള്ള ഒരു ഗ്രൂപ്പായിരുന്നു നേതൃത്വത്തിൽ. 1938-ൽ ബോസ് കോൺഗ്രസ് പ്രസിഡന്റായി. 1939-ൽ വീണ്ടും തിരഞ്ഞെടുപ്പിന് ശേഷം, അദ്ദേഹവും ഗാന്ധിയുൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കളും തമ്മിൽ ബ്രിട്ടീഷ് ഇന്ത്യയുടെയും നാട്ടുരാജ്യങ്ങളുടെയും ഭാവി ഫെഡറേഷനെച്ചൊല്ലി ഉണ്ടായ അഭിപ്രായവ്യത്യാസങ്ങൾക്ക് പുറമെ അഹിംസയോടുള്ള നേതാജിയുടെ നയപരമായ അഭിപ്രായ വ്യത്യാസങ്ങളിലും കോൺഗ്രസ് നേതൃത്വത്തിനിടയിൽ അസ്വാരസ്യം വളർന്നു. ഇതിൽ പ്രതിഷേധിച്ച് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗങ്ങളിൽ ഭൂരിഭാഗവും രാജിവെച്ചതിനെ തുടർന്ന് നേതാജി പ്രസിഡന്റ് സ്ഥാനം രാജിവെക്കുകയും ഒടുവിൽ പാർട്ടി വിടുകയും ചെയ്തു.

1941 ഏപ്രിലിൽ ബോസ് നാസി ജർമ്മനിയിൽ എത്തി, അവിടത്തെ നേതൃത്വം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് അപ്രതീക്ഷിതവും എന്നാൽ അവ്യക്തവുമായ സഹതാപമാണ് വാഗ്ദാനം ചെയ്തത്. പക്ഷെ ബെർലിനിൽ ഒരു 'ഫ്രീ ഇന്ത്യ സെന്റർ' തുറക്കാൻ അവർ മൂലധനം നൽകി സഹായിച്ചു. ബോസിന്റെ കീഴിൽ സേവനമനുഷ്ഠിക്കുന്നതിനായി എർവിൻ റോമ്മലിന്റെ ആഫ്രിക്ക കോർപ്സ് പിടിച്ചെടുത്ത ഇന്ത്യൻ യുദ്ധത്തടവുകാരിൽ നിന്ന് 3,000-ത്തോളം വരുന്ന 'ഫ്രീ ഇന്ത്യാ ലീജൺ' (ആർമി) റിക്രൂട്ട് ചെയ്യാനും സാധിച്ചു. എന്നാൽ ജർമ്മൻകാർ, അവരുടെ പ്രധാന ലക്ഷ്യങ്ങൾക്ക് അനുബന്ധമായിട്ടാണെങ്കിലും, 1941ൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്മേലുള്ള അധിനിവേശം തീരുമാനിച്ചിരുന്നു. 1942-ലെ വസന്തകാലത്തോടെ, ജർമ്മൻ സൈന്യം റഷ്യയിൽ കുടുങ്ങിയതോടെ,

ബോസ് പെട്ടെന്നുള്ള വിജയങ്ങൾ മാത്രം നേടിയ ജപ്പാന്റെ കൈവശം ഉണ്ടായിരുന്ന തെക്കുകിഴക്കൻ ഏഷ്യയിലേക്ക് പോകാൻ തീരുമാനിച്ചു. 1942 മെയ് അവസാനം ബോസുമായുള്ള തന്റെ ഏക കൂടിക്കാഴ്ചയിൽ അഡോൾഫ് ഹിറ്റ്ലർ ഒരു അന്തർവാഹിനി ഏർപ്പാടാക്കാമെന്ന വാഗ്ദാനം ചെയ്തു. ഈ അച്ചുതണ്ട് ശക്തികളോടൊപ്പം നിന്നുകൊണ്ട്, 1943 ഫെബ്രുവരിയിൽ ബോസ് ഒരു ജർമ്മൻ അന്തർവാഹിനിയിൽ കയറി. മഡഗാസ്കറിന് പുറത്ത്, അദ്ദേഹത്തെ ഒരു ജാപ്പനീസ് അന്തർവാഹിനിയിലേക്ക് മാറ്റി, അതിൽ നിന്ന് ജപ്പാന്റെ അധീനതയിലുള്ള സുമാത്രയിൽ 1943 മെയ് മാസത്തിൽ അദ്ദേഹം ഇറങ്ങി.

സിംഗപ്പൂർ യുദ്ധത്തിൽ ജപ്പാനീസ് പിടികൂടിയ ഇന്ത്യൻ സൈന്യത്തിലെ ഇന്ത്യൻ യുദ്ധത്തടവുകാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇന്ത്യൻ നാഷണൽ ആർമിയെ (ഐഎൻഎ), ജാപ്പനീസ് പിന്തുണയോടെ, ബോസ് നവീകരിച്ചു. ജാപ്പനീസ് അധിനിവേശ ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ താത്കാലികമായി ബോസ് അധ്യക്ഷനായ "സ്വതന്ത്ര ഇന്ത്യയുടെ" ഒരു താൽക്കാലിക ഗവൺമെന്റ് പ്രഖ്യാപിക്കപ്പെട്ടു, 1944 അവസാനത്തിലും 1945 ന്റെ തുടക്കത്തിലും ഇന്ത്യൻ സൈന്യം ഇന്ത്യയ്ക്കെതിരായി നടത്തിയ ജാപ്പനീസ് ആക്രമണം സ്ഥിതിഗതികൾ മാറ്റിമറിച്ചു. അതിൽ ഏതാണ്ട് പകുതിയോളം ജാപ്പനീസ് സേനയും, പങ്കെടുത്ത ഭൂരിഭാഗം INA സംഘവും കൊല്ലപ്പെട്ടു. ശേഷിക്കുന്ന INA യെ മലേഷ്യൻ ഉപദ്വഖണ്ഡത്തിൽ നിന്ന് പുറത്താക്കുകയും, സിംഗപ്പൂർ തിരിച്ചുപിടിച്ചതോടെ അവർ കീഴടങ്ങുകയും ചെയ്തു. സോവിയറ്റ് യൂണിയൻ ബ്രിട്ടീഷ് വിരുദ്ധരായി മാറിയെന്ന് വിശ്വസിച്ച ബോസ് തന്റെ ഭാവി പ്രവർത്തനങ്ങൾക്കായി മഞ്ചൂറിയയിലേക്ക് രക്ഷപ്പെടാൻ തീരുമാനിച്ചു. 1945 ആഗസ്റ്റ് 18-ന് ജാപ്പനീസ് തായ് വാനിൽ അദ്ദേഹത്തിന്റെ വിമാനം 'ഓവർലോഡ്' കാരണം തകർന്നപ്പോൾ സംഭവിച്ച മാരകമായ പൊള്ളലേറ്റാണ് അദ്ദേഹം മരിച്ചതെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യം ഉറപ്പാക്കാൻ തങ്ങളുടെ നേതാജി മടങ്ങിവരുമെന്ന് പ്രതീക്ഷിച്ച് ചില ഇന്ത്യക്കാർ ഈ അപകടം സത്യമാണെന്ന് വിശ്വസിച്ചില്ല. ഇന്ത്യൻ ദേശീയതയുടെ പ്രധാന മുഖമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്, നേതാജിയുടെ ദേശസ്നേഹത്തെ പ്രശംസിച്ചെങ്കിലും, അദ്ദേഹത്തിന്റെ രാഷ്ട്ര തന്ത്രങ്ങളിൽ നിന്നും പ്രത്യയശാസ്ത്രത്തിൽ നിന്നും അകന്നു നിന്നു. ഐഎൻഎയെ ഒരു ശക്തമായ ശത്രുവായി കാണാതിരുന്ന ബ്രിട്ടീഷ് രാജ്, 'ഐഎൻഎ വിചാരണ യിൽ', 300 ഐഎൻഎ ഉദ്യോഗസ്ഥർക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തി, പക്ഷേ ഒടുവിൽ കോൺഗ്ര സിന്റെ എതിർപ്പിന് മുന്നിലും, ഇന്ത്യയിൽ ദ്രുതഗതിയി ലുള്ള de- colonisation/ അപകോളനിവൽക്കര ണത്തിന് ബ്രിട്ടനിൽ പുതിയ മാനസികാവസ്ഥ ഉടലെടുത്തിരുന്നതിനാലും അവർ

അതിൽനിന്ന് പിന്മാറി.

## പരാക്രം ദിവസ്

1897 ജനുവരി 23 ന് കട്ടക്കിൽ ജനിച്ച നേതാജിയുടെ ത്യാഗവും ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിനുള്ള മഹത്തായ സംഭാവനയും ബഹുമാന പൂർവ്വം അംഗീകരിച്ചുകൊണ്ട് എല്ലാ വർഷവും ജനുവരി 23 "പരാക്രം ദിവസ്", "ധൈര്യത്തിന്റെ ദിനം" അല്ലെങ്കിൽ "ധീര ദിനം" ആയി ആഘോഷിക്കുന്നു.

2022 സെപ്റ്റംബർ 8-ന് ഇന്ത്യാ ഗേറ്റിൽ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ പ്രതിമ അനാച്ഛാദനവും, 'കർത്തവ്യ പഥിന്റെ' ഉദ്ഘാടനവും ബഹു. പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു കൊണ്ട് പ്രധാനമന്ത്രി പറഞ്ഞത്: "അടിമത്തത്തിന്റെ പ്രതീകമായ കിംഗ്സ് വേ അതായത് രാജ് പഥ് ഇന്ന് മുതൽ ചരിത്ര വിഷയമായി മാറുകയും എന്നെന്നേക്കുമായി ഇല്ലാതാക്കപ്പെടുകയും ചെയ്തു". "1947-ന് മുമ്പ് ആൻഡമാൻ സ്വതന്ത്രമാക്കുകയും ത്രിവർണ്ണ പതാക ഉയർത്തുകയും ചെയ്ത അഖണ്ഡഭാരതത്തിന്റെ ആദ്യ ദേശീയ നേതാവായിരുന്ന നേതാജി സുഭാഷ്". "അടിമത്തത്തിന്റെ കാലത്ത് ബ്രിട്ടീഷ് രാജിന്റെ പ്രതിനിധിയുടെ ഒരു പ്രതിമ ഉണ്ടായിരുന്നുവെന്നും ഇന്ന് അതേ സ്ഥലത്ത് നേതാജിയുടെ പ്രതിമ സ്ഥാപിച്ചതിലൂടെ രാജ്യം ആധുനികവും കരുത്തുറ്റതുമായ ഒരു ഇന്ത്യയ്ക്ക് ജീവൻ നൽകി" എന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. നേതാജിയുടെ മഹത്വം അനുസ്മരിച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു, "അധികാരത്തിന്റെയും സമ്പത്തുകളുടെയും വെല്ലുവിളികൾക്ക് അതീതനായ ഒരു മഹാനായിരുന്നു സുഭാഷ് ചന്ദ്രബോസ്. ലോകം മുഴുവൻ അദ്ദേഹത്തെ ഒരു നേതാവായി കണക്കാക്കുന്ന തരത്തിലായിരുന്നു അദ്ദേഹത്തിന്റെ സ്വീകാര്യത. അദ്ദേഹത്തിന് ധൈര്യവും ആത്മാഭിമാനവും ആശയങ്ങളും, ദർശനങ്ങളുമുണ്ടായിരുന്നു. നേതൃത്വപരമായ കഴിവുകളും നയങ്ങളും ഉണ്ടായിരുന്നു".

നേതാജി, ഇന്ത്യയുടെ പൈതൃകത്തിൽ അഭിമാനിച്ചിരുന്നതായും അതേ സമയം ഇന്ത്യയെ ആധുനികമാക്കാൻ ആഗ്രഹിച്ചിരുന്നതായും പ്രധാനമന്ത്രി ഓർമിപ്പിച്ചു. "സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യ സുഭാഷ് ബാബുവിന്റെ പാത പിന്തുടർന്നിരുന്നെങ്കിൽ, രാജ്യം ഇന്ന് എത്ര ഉയരത്തിലാകുമായിരുന്നു! പക്ഷേ, നിർഭാഗ്യവശാൽ, സ്വാതന്ത്ര്യാനന്തരം നമ്മുടെ ഈ മഹാനായ നായകൻ വിസ്മരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ആശയങ്ങളും, അവയുമായി ബന്ധപ്പെട്ട ചിഹ്നങ്ങൾ പോലും അവഗണിക്കപ്പെട്ടു. നേതാജിയുടെ ഊർജം രാജ്യത്തെ നയിക്കേണ്ടത് ഇന്ന് നമ്മുടെ ആവശ്യമാണ്. 'കർത്തവ്യപാത'യിലുള്ള നേതാജിയുടെ പ്രതിമ അതിനുള്ള മാധ്യമമായി മാറും," അദ്ദേഹം പറഞ്ഞു. നേതാജിക്ക് സമർപ്പിച്ചിരിക്കുന്ന മ്യൂസിയത്തെക്കുറിച്ചും ചെങ്കോട്ട യിലെ 'ആസാദ് ഹിന്ദ് ഫൗജി' നെ കുറിച്ചും അദ്ദേഹം സംസാരിച്ചു. 2019 ലെ റിപ്പബ്ലിക് ദിന

പരേഡിൽ ആസാദ് ഹിന്ദ് ഫൗജിന്റെ ഒരു സംഘവും മാർച്ച് ചെയ്തത് അദ്ദേഹം അനുസ്മരിച്ചു, ഇത് പൂർവസൈനികർ ദീർഘകാലമായി കാത്തിരുന്ന ബഹുമതിയാണ്. അതുപോലെ, ആൻഡമാൻ ദ്വീപുകളിലെ അവരുടെ പ്രവർത്തനങ്ങളും തിരിച്ചറിഞ്ഞ് ആദരിക്കപ്പെട്ടു.

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 28 അടി ഉയരമുള്ള ഈ കറുത്ത ഗ്രാനൈറ്റ് പ്രതിമ, ഇന്ത്യാഗേറ്റിന് സമീപമുള്ള മേലാപ്പിന് കീഴിൽ സ്ഥാപിച്ചിരിക്കുന്നതും ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയതും യാഥാർത്ഥ്യ ബോധത്തോടെ കൈകൊണ്ട് നിർമ്മിച്ചതുമായ ഏകശിലാരൂപത്തിലുള്ള ശിൽപങ്ങളിൽ ഒന്നാണ്.

കൂടാതെ, 2023 ജനുവരി 23 ന്, പ്രധാനമന്ത്രി മോദിജി ആൻഡമാൻ നിക്കോബാർ ദ്വീപ് സമൂഹത്തിലെ പേരിടാത്ത ഏറ്റവും വലിയ 21 ദ്വീപുകൾക്ക് പരമവീരചക്രം ലഭിച്ച 21 സൈനികരുടെ പേരിട്ടു. "നേതാജി സുഭാഷ് ചന്ദ്രബോസ് ദ്വീപിൽ" നിർമ്മിക്കാൻ പോകുന്ന, നേതാജി സുഭാഷ് ചന്ദ്രബോസിന്റെ പേരിൽ സമർപ്പിച്ചിരിക്കുന്ന ദേശീയ സ്മാരകത്തിന്റെ മാതൃകയും അദ്ദേഹം അനാച്ഛാദനം ചെയ്തു. ഇന്ത്യയുടെ ചരിത്രത്തിലെ ധ്രുവനക്ഷത്രം പോലെ നേതാജി തിളങ്ങുമെന്ന് ചടങ്ങിൽ പങ്കെടുത്ത പ്രതിരോധമന്ത്രി അമിത് ഷായും പറഞ്ഞു. "രാഷ്ട്രത്തെ മോചിപ്പിക്കാൻ 45 ഡിഗ്രി താപനിലയുള്ള ഭൂപ്രദേശത്തിലൂടെ കൊൽക്കത്തയിൽ നിന്ന് ബെർളിനിലേക്ക് കാറിൽ യാത്ര ചെയ്ത നേതാജി ധീരതയുടെ മികച്ച ഉദാഹരണമായിരുന്നു' എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. "2018-ൽ 'റോസ് ദ്വീപിന്' നേതാജിയുടെ പേരും 'നീൽ ദ്വീപിന്' 'ഷഹീദ് ദ്വീപ്', 'ഹാവ് ലോക്ക് ദ്വീപിന്' 'സ്വരാജ് ദ്വീപ്' എന്നും പേരിട്ടപ്പോൾ അത് ആൻഡമാൻ നിക്കോ ബാർ ദ്വീപ് സമൂഹത്തെ ചുറ്റിപ്പറ്റി ഒരു ദേശീയ സംവാദം തന്നെ സൃഷ്ടിക്കുകയുണ്ടായി".

---

## നമ്മുടെ പൈതൃകം – തിരുനെല്ലി ക്ഷേത്രം, വയനാട്, കേരളം




ഭാരതത്തിൽ കണ്ടുവരുന്ന നെല്ലിക്ക (അംല) മരത്തിന് തുല്യമായ 'നെല്ലി' എന്ന മലയാളം/തമിഴ് വാക്കിൽ നിന്നാണ് 'തിരുനെല്ലി' എന്ന പേര് ഉരുത്തിരിഞ്ഞത്. ഒരിക്കൽ ബ്രഹ്മാവ് ലോകമെമ്പാടും സഞ്ചരിക്കുമ്പോൾ, താഴ്വരയിലെ ഒരു ആംലമരത്തിൽ വിഷ്ണുവിന്റെ വിഗ്രഹം ശയിക്കുന്നത് കണ്ടു, അങ്ങനെ ആ സ്ഥലത്തിന് തിരുനെല്ലി എന്നപേര് വന്നു. വേദവ്യാസനാൽ എഴുതപ്പെട്ട പത്മപുരാണത്തിൽ വനത്തിന്റെ നടുവിലുള്ള മനോഹരമായ സഹ്യന്റെ

താഴ്വരയിൽ സ്ഥിതി ചെയ്യുന്ന മനോഹരമായ ഒരു വിഷ്ണു ക്ഷേത്രത്തെക്കുറിച്ച് പരാമർശമുണ്ട്. തിരുനെല്ലി ക്ഷേത്രത്തെ 'അമലക ക്ഷേത്രം' എന്നും 'സിദ്ധ ക്ഷേത്രം' എന്നും വിളിക്കുന്നു.

ഈ ക്ഷേത്രത്തിന്റെ സ്ഥാപകനായിട്ട് ചേരരാജാവായ കുലശേഖരനെയാണ് ചരിത്രം ചിത്രീകരിക്കുന്നത്. CE 767 നും CE 834 നും ഇടയിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. ഒരു ഹ്രസ്വ ഭരണത്തിനുശേഷം അദ്ദേഹം സിംഹാസനം ഉപേക്ഷിച്ച് വൈഷ്ണവ നിയോഗം പ്രചരിപ്പിക്കുന്നതിനായി മിഷനറി പ്രവർത്തനം ആരംഭിച്ചു. അദ്ദഹം എഴുതിയ സംസ്കൃത കൃതിയാണ് 'മുകുന്ദമാല', അതിൽ, തന്നിൽ ഭക്തി പ്രചോദിപ്പിക്കുവാൻ വിഷ്ണുവിനോട് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

വടക്കൻ വയനാട്ടിൽ 900 മീറ്റർ ഉയരത്തിൽ മലകളാലും മനോഹരമായ വനങ്ങളാലും ചുറ്റപ്പെട്ട താഴ്വരയിലാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഉദയഗിരി പർവതനിരകളിൽ സൂര്യൻ ഉദിക്കുന്നിടത്ത് കിഴക്കോട്ട് ദർശനമായാണ് ക്ഷേത്രം. വടക്കുഭാഗത്ത് ക്ഷേത്രത്തിന് വളരെ അടുത്തായി കാണപ്പെടുന്ന ഭീമാകാരമായ ബ്രഹ്മഗിരി പർവതമുണ്ട്. തിരുനെല്ലി ക്ഷേത്രത്തിൽ നിന്ന് അൽപം നടന്നാൽ പാപനാശിനി എന്നറിയപ്പെടുന്ന തെളിഞ്ഞ പർവത നീരുറവയിലേക്ക് എത്താൻ സാധിക്കും. 'പക്ഷിപാതാളം' എന്ന പേരുള്ള ഒരു രസകരമായ ട്രെക്കിംഗ് കേന്ദ്രം ഇവിടെ നിന്ന് ഏകദേശം 10 കിലോമീറ്റർ അകലെയാണ്.

ശൈലീപരമായ അടിസ്ഥാനത്തിൽ ഇത് കേരളത്തിലെ ഒരു സാധാരണ ക്ഷേത്രമായി തോന്നും. അകത്തെ ശ്രീകോവിലിനു ചുറ്റും ടൈൽ വിരിച്ച ഘടനയുണ്ട്. കൂടാതെ ശ്രീകോവിലിനു ചുറ്റും ഒരു തുറന്ന മുറ്റവുമുണ്ട്. കിഴക്ക്, പ്രവേശന കവാടത്തിന് മുന്നിൽ ഒരു കരിങ്കൽ വിളക്ക് തൂണുണ്ട്. കൊടിമരം ഇല്ലെന്നത് കൗതുകകരമാണ്, എങ്കിലും തറയിൽ അതുവേണ്ട സ്ഥലത്തു ഒരു ദ്വാരം കണ്ടെത്താനാകും.

ദൈവിക ശക്തികളുമായുള്ള പ്രകൃതിയുടെ കൂട്ടായ്മ അനുഭവിച്ചറിയുന്ന ഒരു സവിശേഷ സ്ഥലമാണ് തിരുനെല്ലി. അതിനാൽ ഇത് തീർത്ഥാടനത്തിന് അനുയോജ്യമായ സ്ഥലമായും പ്രകൃതിയുടെ അനുഗ്രഹങ്ങൾ ആസ്വദിക്കുന്ന തിനുള്ള മനോഹരമായ സ്ഥലമായും മാറുന്നു. തിരുനെല്ലി ക്ഷേത്രത്തിന്റെ പിൻഭാഗത്തുള്ള ബ്രഹ്മഗിരിയിലെ സൂര്യോദയം ആരെയും ആകർഷിക്കുന്ന ഒരു കാഴ്ചയാണ്. പാപനാശിനി, പിന്നപ്പാറ, പഞ്ചതീർഥം, ഗുണിക ക്ഷേത്രം (ഒരു ഗുഹയിൽ ശിവനു സമർപ്പിച്ചിരിക്കുന്നത്) എന്നിവ യാണ് തീവ്ര ഭക്തിയോടെ വരുന്ന തീർത്ഥാടകർക്കുള്ള മറ്റ് പ്രധാന സ്ഥലങ്ങൾ.

**പാപനാശിനി:** ബ്രഹ്മഗിരി കുന്നുകളിൽ നിന്ന് ഉത്ഭവിച്ച് പിന്നീട് കാളിന്ദി നദിയിൽ ചേരുന്ന ഒരു കാട്ടരുവിയാണ് പാപനാശിനി. ക്ഷേത്രത്തിൽ നിന്ന് ഏകദേശം 400 മീറ്റർ അകലെ, അതിന്റെ പടിഞ്ഞാറ് വശത്താണ് ഇത്.

അക്ഷരാർത്ഥത്തിൽ അതിന്റെ അർത്ഥം, ‘പാപങ്ങൾ കെടുത്തുന്നവൾ’ എന്നാണ്. ഗംഗയും സരസ്വതിയും പാപനാശിനിയിൽ ചേരുന്നു എന്നാണ് വിശ്വാസം. അതിനാൽ പാപനാശിനിയെ ദക്ഷിണ കാശി എന്ന് വിളിക്കുന്നു. പാപനാശിനിയിലെ ആചാരപരമായ സ്നാനം ജീവിതകാലത്ത് ചെയ്ത എല്ലാ ലൗകിക പാപങ്ങളും കഴുകിക്കളയുമെന്ന് വിശ്വസിക്കപ്പെടുന്നു. മരിച്ചവരുടെ ചിതാഭസ്മം പാപനാശിനിയിൽ നിമജ്ജനം ചെയ്താൽ അത് ഗയയിൽ കർമ്മങ്ങൾ ചെയ്തതിന് തുല്യമാണ്. പാപനാശിനി യിൽ പിന്നപ്പാറ എന്ന ഒരു വിശുദ്ധ പാറയുണ്ട്, അവിടെ മരിച്ചവരുടെ ആത്മാക്കൾക്ക് ബലി / തർപ്പണം മുതലായ ആചാരപരമായ വഴിപാടുകൾ നടത്തുന്നു. മഹാവിഷ്ണുവിന്റെ പ്രസിദ്ധ അവതാരമായ പരശുരാമൻ തിരുനെല്ലി സന്ദർശിച്ച് തന്റെ പിതാവായ ഋഷി ജമദഗ്നിയുടെ അന്ത്യകർമങ്ങൾ നടത്തി എന്നാണ് ആളുകൾ വിശ്വസിക്കുന്നത്. അദ്ദേഹം ക്ഷത്രിയരെ ഉന്മൂലനം ചെയ്ത പാപങ്ങൾ ഇല്ലാതാക്കാൻ പാപനാശിനിയിൽ മുങ്ങി എന്നാണ് വിശ്വാസം. പാപനാശിനിയെകുറിച്ച് രസകരമായ ഒരു കഥയുണ്ട്. ബ്രഹ്മാവ് വിഷ്ണുവിന്റെ വിഗ്രഹം ഇവിടെ പ്രതിഷ്ഠിക്കുമ്പോൾ, അമൃത് കുംഭവുമായി വന്ന ഗരുഡൻ പ്രതിഷ്ഠാവേദിക്ക് മുകളിൽ ആകാശത്തെത്തി. ഗരുഡൻ പ്രദക്ഷിണം വെച്ചപ്പോൾ ഒരു തുള്ളി അമൃത് അരുവിയിൽ വീണു, അത് അരുവിയിലെ വെള്ളത്തിന് ശുദ്ധീകരണ ശക്തി നൽകി. ആ സംഭവത്തിനു ശേഷം അരുവിക്ക് പാപനാശിനി എന്ന പേരായി. പാപനാശിനി പിന്നീട് കബനി നദിയുടെ കൈവഴിയായ കാളിന്ദി നദിയിൽ ചേരുന്നു.

**പിന്നപ്പാറ:** വിഷ്ണുവിനാൽ വധിക്കപ്പെട്ട പഴന-ഭേദി എന്ന അസുരന്റെ അസ്ഥിയാണ് ഈ പാറയെന്ന് കരുതപ്പെടുന്നു. മരണസമയത്ത് തന്റെ ശരീരം തിരുനെല്ലി മുതൽ ഗയ വരെ നീണ്ടുകിടക്കുന്ന ഒരു പാറയാക്കി മാറ്റി, പരേതർക്കുള്ള വഴിപാടുകൾ നടത്തുന്നതിന് അനുയോജ്യമായ മൂന്ന് ഭാഗങ്ങളായി വിഭജിക്കണമെന്ന് അദ്ദേഹം വിഷ്ണുവിനോട് പ്രാർത്ഥിച്ചു, (1) തന്റെ പാദത്തെ പ്രതിനിധീകരിക്കുന്ന തിരുനെല്ലി, (2) മധ്യഭാഗത്തെ പ്രതിനിധീകരിക്കുന്ന ഗോദാവരി, (3) തലയെ പ്രതിനിധീകരിക്കുന്ന ഗയ. ഈ മൂന്ന് സ്ഥലങ്ങളിൽ ഏതെങ്കിലുമൊരിടത്തുനടത്തുന്ന വഴിപാട് ആത്മസന്തോഷത്തിനും ആത്മാക്കളുടെ പ്രസാദത്തിനും വളരെ വിശേഷപ്പെട്ടതാണെന്ന് കരുതപ്പെടുന്നു. ശ്രീരാമനും സഹോദരൻ ലക്ഷ്മണനും തങ്ങളുടെ പിതാവായ ദശരഥ രാജാവിന്റെ ‘പിതൃകർമ്മം’ നടത്തിയത് ഈ പാറയിൽ നിന്നാണെന്ന് വിശ്വസിക്കപ്പെടുന്നു.

**പഞ്ചതീർത്ഥം:** പഞ്ചതീർത്ഥം ഒരുകാലത്ത് അഞ്ച് നദികളുടെ സംഗമസ്ഥാനമായിരുന്നെന്നാണ് വിശ്വാസം. അതിനാൽ അതിന്റെ ദൈവീക പ്രാധാന്യം വളരെ വലുതായിരുന്നു. എന്നാൽ ഇന്ന് ഭൂരിഭാഗം വെള്ളവും വറ്റി, അവശേഷിക്കുന്ന ഒരേയൊരു ആകർഷണം വിഷ്ണുവിന്റെ കാൽപ്പാടുകൾ (വിഷ്ണുപാദം) മാത്രമാണ്. കുളത്തിന്റെ നടുവിലെ ഒരു പാറക്കെട്ടിൽ കാണപ്പെടുന്ന കാൽപാടിന്റെ ചിത്രമാണിത്.

നാലുവശവും പർവതങ്ങളാൽ ചുറ്റപ്പെട്ട, അപ്രാപ്യമായ കാനന താഴ്വരയുടെ നടുവിലുള്ള ഒരു പ്രധാന പട്ടണവും തീർത്ഥാടന കേന്ദ്രവുമായിരുന്നു തിരുനെല്ലി എന്നത് തർക്കമില്ലാത്ത വസ്തുതയാണ്. പത്താം നൂറ്റാണ്ട് മുതലെങ്കിലും ദക്ഷിണേന്ത്യയിലെ ഒരു നഗര കേന്ദ്രമായിരുന്നു തിരുനെല്ലിയെന്ന് പത്താം നൂറ്റാണ്ടിലെ ചെമ്പ് ഫലകങ്ങളും പിന്നീടുള്ള നൂറ്റാണ്ടുകളിലെ ഏതാനും പുസ്തകങ്ങളും ബോധ്യപ്പെടുത്തുന്നു. കൂടാതെ, ക്ഷേത്രത്തിന് ചുറ്റുമുള്ള ഇടതൂർന്ന വനത്തിൽ, രണ്ട് പുരാതന ഗ്രാമങ്ങളുടെ അവശിഷ്ടങ്ങൾ കാണാം. റോഡുകൾ ഉണ്ടാക്കുന്ന സമയത്ത് അടുത്തിടെ നടത്തിയ ഖനന ങ്ങളിൽ 9, 10 നൂറ്റാണ്ടുകളിലെ നാണയങ്ങൾ ലഭിച്ചു. ഇവയുടെ പഴക്കം പത്താം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചേരരാജ്യത്തിന്റെ ഭരണാധികാരിയായിരുന്ന ഭാസ്കര രവിവർമയുടെ കാലഘട്ടത്തിലാണെന്നാണ് കണക്കാക്ക പ്പെടുന്നത്.

**ആചാരങ്ങളും വഴിപാടുകളും:** തിരുനെല്ലി ക്ഷേത്രത്തിലേക്കുള്ള തീർഥാടകരുടെ ഒഴുക്ക് പ്രാർഥിക്കാൻ മാത്രമല്ല, 'ബലി' എന്നറിയപ്പെടുന്ന പിതൃകർമങ്ങൾ നടത്തുവാനും കൂടിയാണ്. കർമ്മങ്ങൾ ചെയ്യുന്നവർ വ്രതം അനുഷ്ഠിക്കണം. കേരളത്തിൽ ദിവസവും ഏറ്റവും കൂടുതൽ 'ബലി തർപ്പണം' നടക്കുന്നത് തിരുനെല്ലിക്ഷേത്രത്തിലാണ്.

**അടുത്തുള്ള മറ്റ് ക്ഷേത്രങ്ങൾ:** തൃശ്ശിലേരി ക്ഷേത്രം: തിരുനെല്ലി, തൃശ്ശിലേരി ക്ഷേത്രങ്ങൾ തമ്മിൽ അടുത്ത ബന്ധമുണ്ട്. തിരുനെല്ലി ക്ഷേത്രത്തിൽ പിതൃതർപ്പണം നടത്തുന്നവർ തൃശ്ശിലേരി ക്ഷേത്രത്തിൽ ശിവനെ ആരാധിക്കണമെന്നതാണ് പരമ്പരാഗത ആചാരം. തിരുനെല്ലി ക്ഷേത്രവുമായി ഐതിഹ്യങ്ങളുമായും നാടോടിക്കഥകളുമായും ഇത് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

**കൊട്ടിയൂർ ക്ഷേത്രം:** കൊട്ടിയൂർ, തിരുനെല്ലി ക്ഷേത്രങ്ങളെ ബന്ധിപ്പിക്കുന്ന നിരവധി ആചാരങ്ങളും വിശ്വാസങ്ങളും നിലവിലുണ്ട്. പഴയ ആചാരങ്ങളുടെ സ്മരണയ്ക്കായി ഇപ്പോൾ തിരുനെല്ലിയിലും കൊട്ടിയൂരിലും വെവ്വേറെ ആഘോഷങ്ങൾ നടക്കുന്നു.

-------------------------------

## ശ്രീലക്ഷ്മണൻ – ഏറ്റവും ശക്തനായ യോദ്ധാവ്.



14 വർഷത്തെ വനവാസത്തിനുശേഷം, ശ്രീരാമൻ അയോധ്യയിൽ തിരിച്ചെത്തിയപ്പോൾ, അഗസ്ത്യ ഋഷി അദ്ദേഹത്തെ കാണാൻ വന്നു, ലങ്കാ യുദ്ധത്തെക്കുറിച്ചും സംഭാഷണത്തിൽ പരാമർശിക്കപ്പെട്ടു. രാവണനെയും

കുംഭകർണ്ണനെയും പോലുള്ള അസുരവീരന്മാരെ താൻ എങ്ങനെ വധിച്ചെന്നും ലക്ഷ്മണൻ രാവണന്റെ മക്കളായ ഇന്ദ്രജിത്തിനെയും അതികായനെയും പോലുള്ള ശക്തരായ അസുരന്മാരെ വധിച്ചതെങ്ങനെയെന്നും ശ്രീരാമൻ മഹർഷിയോട് പറഞ്ഞു. അപ്പോൾ അഗസ്ത്യ ഋഷി പറഞ്ഞു, 'തീർച്ചയായും രാവണനും കുംഭകർണ്ണനും വളരെ ധീരരായിരുന്നു, എന്നാൽ ഏറ്റവും ശക്തനായ അസുരൻ മേഘനാദായിരുന്നു (ഇന്ദ്രജിത്ത്). മേഘനാദൻ സ്വർഗത്തിൽ ചെന്ന് ദേവേന്ദ്രനുമായി യുദ്ധം ചെയ്തു, ഇന്ദ്രനെ കെട്ടി ലങ്കയിൽ കൊണ്ടുവന്നു. ബ്രഹ്മാവ് ആവശ്യപ്പെട്ടതനുസരിച്ചാണ് മേഘനാദൻ ദേവേന്ദ്രനെ മോചിപ്പിച്ചത്. ലക്ഷ്മണൻ ഏറ്റവും ശക്തനായ ഈ അസുരനെയാണ് കൊന്നത്. അതിനാൽ ലക്ഷ്മണൻ മഹാനായ യോദ്ധാവാണ്.

അഗസ്ത്യ ഋഷിയിൽ നിന്ന് സഹോദരന്റെ ധീരതയുടെ പ്രശംസ കേട്ട് ശ്രീരാമൻ അത്യധികം സന്തോഷിച്ചു, എന്നാൽ ഇന്ദ്രജിത്തിന്റെ സംഹാരം രാവണനേക്കാൾ കഠിനമാണെന്ന് അഗസ്ത്യ ഋഷി പറയുന്നത് എന്തുകൊണ്ടാണെന്ന ജിജ്ഞാസ ശ്രീരാമന്റെ മനസ്സിൽ ഉയർന്നു. ശ്രീരാമന്റെ ജിജ്ഞാസ ശമിപ്പിക്കാൻ അഗസ്ത്യ ഋഷി പറഞ്ഞു, "12 വർഷമായി ഉറങ്ങാത്ത, 12 വർഷമായി ഒരു സ്ത്രീയുടെ മുഖം കാണാത്ത, 12 വർഷമായി ഒരു ഭക്ഷണവും കഴിക്കാത്ത ഒരാൾക്ക് മാത്രമേ തന്നെ കൊല്ലാനാകൂ എന്ന വരം ഇന്ദ്രജിത്ത് നേടിയിരുന്നു.

അഗസ്ത്യ ഋഷിയുടെ വാക്കുകൾ കേട്ട് ശ്രീരാമൻ പറഞ്ഞു: "വനവാസകാലത്ത് ലക്ഷ്മണന്റെ വിഹിതമായ പഴങ്ങളും പൂക്കളും 14 വർഷം ഞാൻ അദ്ദേഹത്തിന് പതിവായി നൽകിയിരുന്നു". "ഞാൻ സീതയ്ക്കൊപ്പം ഒരു കുടിലിലാണ് താമസിച്ചിരുന്നത്, തൊട്ടടുത്ത കുടിലിൽ തന്നെ ലക്ഷ്മണനും ഉണ്ടായിരുന്നു, പിന്നെ ലക്ഷ്മണൻ എങ്ങനെ സീതയുടെ മുഖം കാണാതിരിക്കും?" "പിന്നെ, 12 വർഷമായി ഉറങ്ങിയിരുന്നില്ലെന്നോ, ഇത് എങ്ങനെ സാധ്യമാകും?".

ഉടനെത്തന്നെ ലക്ഷ്മണനെ വിളിച്ച് ഇതേപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു: "ഞങ്ങൾ ഋഷ്യമൂകാചലം മലയിൽ ചെന്നപ്പോൾ, കുറെ ആഭരണങ്ങൾ കാണിച്ച് അവ സീതാദേവിയുടേത് തന്നെയാണോയെന്ന് തിരിച്ചറിയാൻ സുഗ്രീവൻ ഞങ്ങളോട് ആവശ്യപ്പെട്ടു. പക്ഷേ, ജ്യേഷ്ഠത്തിയുടെ പാദങ്ങളിൽ കണ്ടിരുന്ന കൊലുസ്സുകൾ (നൂപുർ) ഒഴികെയുള്ള ആഭരണങ്ങളൊന്നും എനിക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല, കാരണം ഞാൻ ഒരിക്കലും ദേവിയുടെ മുഖത്തേക്ക് നോക്കിയിട്ടില്ല, പക്ഷേ, നിത്യവും ദേവിയുടെ പാദങ്ങളിൽ വണങ്ങുമ്പോൾ കൊലുസ്സുകൾ കാണാറുണ്ടായിരുന്നു. ജ്യേഷ്ഠനും സീതാദേവിയും ഒരു കുടിലിൽ കിടന്നുറങ്ങുമ്പോൾ

ഞാൻ രാത്രി മുഴുവൻ കുടിലിനുപുറത്ത് കാവൽ നിൽക്കുകയായിരുന്നു ഉറക്കം എന്റെ കണ്ണുകളെ പിടികൂടാൻ ശ്രമിച്ചപ്പോൾ ഞാൻ എന്റെ അമ്പുകൾ കൊണ്ട് എന്റെ കൺപോളകളെ തടഞ്ഞു നിർത്തിയിരുന്നു.” പിന്നെ, ലക്ഷ്മണൻ 12 വർഷമായി പട്ടിണി കിടന്നതിനെക്കുറിച്ച് പറഞ്ഞു, “ഞാൻ കൊണ്ടുവന്നിരുന്ന പഴങ്ങളുടെയും പൂക്കളുടെയും മൂന്നിൽ ഒരു ഭാഗം തന്ന് അങ് എന്നോട് പറയുമായിരുന്നു – ‘ഈ പഴം ലക്ഷ്മണൻ സൂക്ഷിക്കുക’, പക്ഷേ, ഒരിക്കലും പഴം കഴിക്കുവാൻ എന്നോട് ആവശ്യപ്പെട്ടിട്ടില്ല. – പിന്നെ അങ്ങയുടെ അനുവാദമില്ലാതെ ഞാനെങ്ങനെ പഴംകഴിക്കും?”

ലക്ഷ്മണന്റെ ഈ വാക്കുകൾ കേട്ട് ഭഗവാൻ ശ്രീരാമൻ അനുജനെ സ്നേഹപൂർവ്വം ആശ്ലേഷിച്ചു. ഈ കഠിനമായ തപസ്സ് കാരണം, മേഘനാദനെ കൊല്ലുക എന്ന ധീരമായ ദൗത്യം നിർവഹിക്കാൻ ലക്ഷ്മണന് കഴിഞ്ഞു, അതുകൊണ്ട് തന്നെയാണ് അദ്ദേഹം ധീരനായ യോദ്ധാവ് എന്ന് വിളിക്കപ്പെട്ടത്.

—————————————————

## സ്വാമി ശ്രദ്ധാനന്ദ സരസ്വതി

### ഹിന്ദുത്വത്തിനുവേണ്ടി പോരാടിയ ഒരു മഹാനായ രക്തസാക്ഷി




ഡൽഹി ടൗൺ ഹാളിന് മുമ്പിലുള്ള സ്വാമി ശ്രദ്ധാനന്ദിന്റെ പ്രതിമ

മഹാത്മാ മുൻഷി റാം വിജ് എന്നറിയപ്പെടുന്ന സ്വാമി ശ്രദ്ധാനന്ദ് (22 ഫെബ്രുവരി 1856 – 23 ഡിസംബർ 1926), ആര്യസമാജ സന്യാസിയും ദയാനന്ദ സരസ്വതിയുടെ അനുശാസനങ്ങൾ പ്രചരിപ്പിച്ച ഇന്ത്യൻ സ്വാതന്ത്ര്യ പ്രവർത്തകനുമായിരുന്നു. ഗുരുകുൽ കാംഗ്രി യൂണിവേഴ്സിറ്റി പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതും 1920-കളിലെ ഹിന്ദു നവീകരണ പ്രസ്ഥാനമായ സംഗഠൻ (ഏകീകരണവും സംഘടനയും) ശുദ്ധി (ശുദ്ധീകരണം) എന്നിവയിൽ പ്രധാന പങ്കുവഹിച്ചു.

**ആദ്യകാല ജീവിതം:** ഇന്ത്യയിലെ പഞ്ചാബ് പ്രവിശ്യയിലെ ജലന്ധർ ജില്ലയിലെ തൽവാൻ ഗ്രാമത്തിൽ 1856 ഫെബ്രുവരി 22 ന് അദ്ദേഹം ജനിച്ചു. അന്ന് ഈസ്റ്റ് ഇന്ത്യാ കമ്പനി ഭരിച്ചിരുന്ന യുണൈറ്റഡ് പ്രവിശ്യകളിൽ (ഇപ്പോൾ ഉത്തർപ്രദേശ്) പോലീസ് ഇൻസ്പെക്ടറായിരുന്ന ലാലാ നാനക് ചന്ദിന്റെ കുടുംബത്തിലെ ഏറ്റവും ഇളയ

സന്തതിയായിരുന്ന അദ്ദേഹം. അദ്ദേഹത്തിന്റെ പേര് ബൃഹസ്പതി വിജ് എന്നായിരുന്നു, എന്നാൽ പിന്നീട് അദ്ദേഹത്തിന്റെ പിതാവ് മുൻഷി റാം വിജ് എന്ന് വിളിച്ചിരുന്നു, 1917-ൽ അദ്ദേഹം സന്യാസം സ്വീകരിക്കുന്നത് വരെ ലാലാ മുൻഷി റാം വിജ്, മഹാത്മാ മുൻഷി റാം എന്നീ പേരുകളോടൊപ്പം പിതാവ് വിളിച്ചിരുന്ന പേരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

കുലീനയായ ഒരു സ്ത്രീ പ്രാർത്ഥിക്കുമ്പോൾ ക്ഷേത്രത്തിൽ പ്രവേശിക്കുന്നത് തടഞ്ഞത് പോലെയുള്ള കുറച്ച് സംഭവങ്ങൾക്ക് ശേഷം അദ്ദേഹം നിരീശ്വരവാദം സ്വീകരിച്ചു. ഒരു കന്യാസ്ത്രീയുമായി ഒരു സഭയുടെ പിതാവ് ഉൾപ്പെടുന്ന ഒരു "വിട്ടുവീഴ്ച" സാഹചര്യം, കൃഷ്ണ ആരാധനയുടെ മഠാധിപതികൾ ഒരു യുവ ഭക്തയെ ബലാത്സംഗം ചെയ്യാൻ ശ്രമിച്ചത്, ഒരു മുസ്ലീം അഭിഭാഷകന്റെ വീട്ടിൽ ഒരു ചെറിയ പെൺകുട്ടിയുടെ സംശയാസ്പദമായ മരണം എന്നിവയും അദ്ദേഹം സാക്ഷിയായിരുന്നു. ഈ സംഭവങ്ങളെല്ലാം അദ്ദേഹത്തിന്റെ നിരീശ്വരവാദത്തെ ഊട്ടിയുറപ്പിച്ചു. ഒടുവിൽ അദ്ദേഹം മുക്താരി പരീക്ഷകളിൽ വിജയിക്കുകയും അഭിഭാഷകനാകാൻ പഠിക്കുകയും ചെയ്തു.

**ദയാനന്ദ സരസ്വതിയെ കണ്ടുമുട്ടുന്നു:** പ്രഭാഷണങ്ങൾ നടത്താൻ ബറേലി സന്ദർശിച്ചപ്പോഴാണ് ദയാനന്ദ സരസ്വതിയെ അദ്ദേഹം ആദ്യമായി കാണുന്നത്. ചില പ്രമുഖ വ്യക്തികളും ബ്രിട്ടീഷ് ഓഫീസർമാരും പങ്കെടുത്തതിനാൽ അദ്ദേഹത്തിന്റെ പിതാവാണ് പരിപാടികളിൽ ക്രമീകരണങ്ങളും സുരക്ഷയും കൈകാര്യം ചെയ്തത്. പിതാവിന്റെ ആവശ്യ പ്രകാരമാണ് മുൻഷിറാം പ്രഭാഷണങ്ങളിൽ പങ്കെടുത്തത്. ക്രമീകരണങ്ങൾ നശിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് അദ്ദേഹം ആദ്യം പോയത്, പിന്നീട് ദയാനന്ദന്റെ ധൈര്യവും വൈദഗ്ധ്യവും ശക്തമായ വ്യക്തിത്വവും തന്നെ ശക്തമായി സ്വാധീനിച്ചുവെന്ന് സമ്മതിക്കുകയുണ്ടായി. പഠനം പൂർത്തിയാക്കിയ ശേഷം മുൻഷിറാം അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു.

**സ്കൂളുകൾ:** 1892-ൽ ലാഹോറിലെ ഡിഎവി കോളേജിൽ വേദവിദ്യാഭ്യാസം പ്രധാന പാഠ്യപദ്ധതിയാക്കണോ എന്ന വിവാദത്തെ തുടർന്ന് ആര്യസമാജം രണ്ട് വിഭാഗങ്ങളായി പിരിഞ്ഞു. അദ്ദേഹം ആ സംഘടന വിട്ട് പഞ്ചാബ് ആര്യസമാജം രൂപീകരിച്ചു. ആര്യസമാജത്തെ ഗുരുകുല വിഭാഗം, ഡിഎവി വിഭാഗം എന്നായി വിഭജിച്ചു. ഗുരുകുലങ്ങൾക്ക് ശ്രദ്ധാനന്ദ് നേതൃത്വം നൽകി. 1897-ൽ ലാലാ ലേഖ് റാം വധിക്കപ്പെട്ടപ്പോൾ ശ്രദ്ധാനന്ദ് അദ്ദേഹത്തിന്റെ പിൻഗാമിയായി 'പഞ്ചാബ് ആര്യപ്രതിനിധി സഭ'യുടെ തലവനായി. അതിന്റെ പ്രതിമാസ വാർത്താപത്രിക ആയ 'ആര്യ മുസാഫിർ' ആരംഭിച്ചു.1902-ൽ അദ്ദേഹം ഹരിദ്വാറിനടുത്തുള്ള കാൻഗ്രിയിൽ ഒരു ഗുരുകുലം സ്ഥാപിച്ചു. ഈ വിദ്യാലയം ഇപ്പോൾ ഗുരുകുൽ കാംഗ്രി സർവകലാശാലയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

1917-ൽ മഹാത്മാ മുൻഷിറാം "സ്വാമി ശ്രദ്ധാനന്ദ് സരസ്വതി" ആയി സന്യാസം സ്വീകരിച്ചു. ഹരിയാനയിലെ ഫരീദാബാദിനടുത്തുള്ള ആരാവലിയിൽ അദ്ദേഹം 'ഗുരുകുൽ ഇന്ദ്രപ്രസ്ഥ' സ്ഥാപിച്ചു.

**ആക്ടിവിസം:** 1917-ൽ, ഹിന്ദു നവീകരണ പ്രസ്ഥാനങ്ങളിലും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലും സജീവ അംഗമാകാൻ ശ്രദ്ധാനന്ദ് ഗുരുകുലം വിട്ടു. അദ്ദേഹം കോൺഗ്രസുമായി ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങി, 1919-ൽ അമൃതസറിൽ അതിന്റെ സമ്മേളനം നടത്താൻ അദ്ദേഹം ക്ഷണിച്ചു. ഇത് ജാലിയൻവാല കൂട്ടക്കൊലയെ തുടർന്നായിരുന്നു പക്ഷെ കോൺഗ്രസ് കമ്മിറ്റിയിലെ ആരും അമൃതസറിൽ ഒരു സമ്മേളനം നടത്താൻ സമ്മതിച്ചില്ല. ശ്രദ്ധാനന്ദ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. 1919 ഏപ്രിൽ 4-ന്, തങ്ങളുടെ സ്വാതന്ത്ര്യ ദൗത്യത്തിൽ അണികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മുസ്ലീം നേതാക്കൾ ക്ഷണിച്ചതുകൊണ്ട് ന്യൂ ഡൽഹിയിലെ പ്രധാന ജുമാ മസ്ജിദിന്റെ മിനാരങ്ങളിൽ നിന്ന് മുസ്ലീങ്ങൾ കൂട്ടതലായും ഉണ്ടായിരുന്ന ഒരു വലിയ സമ്മേളനത്തെ അഭിസംബോധന ചെയ്ത ഏക ഹിന്ദു സന്യാസി സ്വാമി ശ്രദ്ധാനന്ദ് ആയിരുന്നു. വേദമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് തന്റെ പ്രസംഗം ആരംഭിച്ച് ദേശീയ ഐക്യദാർഢ്യത്തിനായി അദ്ദേഹം അഭ്യർത്ഥിച്ചു, മുസ്ലിം വിഭാഗം ആമീൻ എന്ന് പറഞ്ഞ് സ്വീകരിച്ചു. ഇന്ത്യൻ സമൂഹത്തിലെ പ്രധാന വിഭാഗങ്ങൾക്കിടയിലുള്ള ലക്ഷ്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും തികഞ്ഞ ഐക്യമായി സമ്മേളനത്തിൽ വന്നവർ അദ്ദേഹത്തെ പ്രകീർത്തിച്ചു.

റൗലത്ത് നിയമത്തിനെതിരായ രാജ്യവ്യാപക പ്രതിഷേധത്തിൽ അദ്ദേഹം പങ്കുചേർന്നു. അതേ വർഷം തന്നെ ചാന്ദ്നി ചൗക്കിലെ ക്ലോക്ക് ടവറിൽ ഗൂർഖ സൈനികരുടെ ഒരു സംഘത്തിന് മുന്നിൽ അദ്ദേഹം പ്രതിഷേധിച്ചു. 1920-കളുടെ തുടക്കത്തിൽ അദ്ദേഹം ഹിന്ദു സംഗഠൻ (ഏകീകരണ) പ്രസ്ഥാനത്തിലെ ഒരു പ്രധാന ശക്തിയായി ഉയർന്നു, അത് അപ്പോൾ പുനരുജ്ജീവിപ്പിച്ച ഹിന്ദു മഹാ സഭയുടെ മറ്റൊരു വിഭാഗമായിരുന്നു.

ഹിന്ദിയിലും ഉറുദുവിലും മതപരമായ വിഷയങ്ങളിൽ അദ്ദേഹം എഴുതികൊണ്ടിരുന്നു. രണ്ട് ഭാഷകളിലും അദ്ദേഹം പത്രങ്ങൾ പ്രസിദ്ധീകരിച്ചു. ദേവനാഗരി ലിപിയിൽ ഹിന്ദിയെ പ്രോത്സാഹിപ്പിക്കുകയും പാവപ്പെട്ട വരെ സഹായിക്കുകയും സ്ത്രീകളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 1923-ഓടെ, അദ്ദേഹം സാമൂഹിക രംഗം വിട്ടു തന്റെ മുൻകാല പ്രവർത്തനമായ ശുദ്ധി പ്രസ്ഥാനത്തിലേക്ക് (ഹിന്ദുമതത്തിലേക്കുള്ള പുനഃപരിവർത്തനം) പൂർണ്ണ മനസ്സോടെ തുനിഞ്ഞിറങ്ങി. അത് അദ്ദേഹത്തെ ഹിന്ദുമതത്തിനുള്ളിലെ ഒരു പ്രധാന ശക്തിയാക്കി മാററി. 1922-ൽ ഡോ. അംബേദ്കർ ശ്രദ്ധാനന്ദിനെ "തൊട്ടുകൂടാത്തവരുടെ ഏറ്റവും വലിയ, ആത്മാർത്ഥതയുള്ള യോദ്ധാവ്" എന്ന് വിളിച്ചു.

1923-ന്റെ അവസാനത്തിൽ, പടിഞ്ഞാറൻ യുണൈറ്റഡ് പ്രവിശ്യയിലെ മുസ്ലീങ്ങളെ, പ്രത്യേകിച്ച് 'മൽക്കാന രജപുത്രരെ' പുനഃപരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സൃഷ്ടിക്കപ്പെട്ട ഭാരതീയ ഹിന്ദു ശുദ്ധി സഭയുടെ അധ്യക്ഷനായി. ഇത് അദ്ദേഹത്തെ അക്കാലത്തെ മുസ്ലീം പുരോഹിതന്മാരുമായും നേതാക്കളുമായും നേരിട്ടുള്ള ഏറ്റുമുട്ടലിൽ എത്തിച്ചു. ഈ പ്രസ്ഥാനം മൂലം 1,63,000 മൽക്കാന രജപുത്രർ വീണ്ടും ഹിന്ദു മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു.

മഹാത്മാഗാന്ധി ഉൾപ്പടെ പലരുടെയും ശക്തമായ എതിർപ്പ് അവഗണിച്ചും മൽക്കാന രജപുത്രരുടെ ശുദ്ധി ദൗത്യം ഗംഭീര വിജയമായിരുന്നു. മേവാറിലെ മഹാറാണയും പണ്ഡിറ്റ് മദൻ മോഹൻ മാളവ്യയും സ്വാമിജിക്ക് പിന്തുണയായി അണിനിരന്നു. പ്രസ്ഥാനം ശക്തി പ്രാപിച്ചു. മുസ്ലീങ്ങൾക്ക് അത് സഹിക്കാനായില്ല. അവർ അസഹിഷ്ണുതയിലേക്ക് മാറി.

**കൊലപാതകം:** ഇസ്ലാം മതത്തിന്റെയും നിർബന്ധിത മതപരിവർത്തനങ്ങളിൽ നിന്ന് ഹിന്ദു സമൂഹത്തെ സംരക്ഷിക്കാൻ, അദ്ദേഹം പ്രതിനിധാനം ചെയ്ത ആര്യ സമാജം, ക്രിസ്തുമതത്തിലേക്കും ഇസ്ലാം മതത്തിലേക്കും പരിവർത്തനം ചെയ്തവരെ ഹിന്ദുമതത്തിലേക്ക് തിരികെ കൊണ്ടുവരാൻ 'ശുദ്ധി' പ്രസ്ഥാനം ആരംഭിച്ചു. ഇത് 1920-കളിൽ സാമൂഹിക ജീവിതത്തിന്റെ വർദ്ധിച്ചുവരുന്ന വർഗീയവൽക്കരണത്തിലേക്ക് നയിച്ചു, അത് പിന്നീട് പെട്ടെന്ന് വളർന്നു വലുതായി വർഗീയ രാഷ്ട്രീയ ബോധത്തിലേക്ക് മാറി. തൽഫലമായി, 1926 ഡിസംബർ 23-ന് ഇസ്ലാമിക മതഭ്രാന്തിനാൽ അന്ധനായ അബ്ദുൾ റഷീദ് എന്നൊരാളാൽ അദ്ദേഹം വധിക്കപ്പെട്ടു.

ഹിന്ദു മതത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ആ മഹാനോടുള്ള ആദരസൂചകമായി, 1927 ജനുവരി 10-ന് ബോംബെയിൽ നിന്ന് ശ്രദ്ധാനന്ദ് എന്ന പേരിൽ ഒരു വാരിക തുടങ്ങാൻ സവർക്കറുടെ സഹോദരൻ നാരായൺറാവു തീരുമാനിച്ചു. സവർക്കർ ഈ വാരികയിലേക്ക് തൂലികാനാമങ്ങളിൽ നിരവധി ലേഖനങ്ങൾ സംഭാവന ചെയ്തു.

ഇന്ന്, ഹരിദ്വാറിലെ ഗുരുകുൽ കാംഗ്രി സർവകലാശാലയുടെ പുരാവസ്തു മ്യൂസിയത്തിലെ 'സ്വാമി ശ്രദ്ധാനന്ദ് കക്ഷ' അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഫോട്ടോഗ്രാഫിക് യാത്രയാണ്. സ്വാതന്ത്ര്യാനന്തരം ഡൽഹി ടൗൺ ഹാളിന് മുന്നിൽ വിക്ടോറിയ രാജ്ഞിയുടെ പ്രതിമയ്ക്ക് പകരം അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിച്ചു. (പഴയ ക്ലോക്ക് ടവർ 1950 വരെ ഇവിടെ നിലനിന്നിരുന്നതിനാൽ പഴയ ഡൽഹിയിലെ ഈ സ്ഥലത്തെ 'ഘണ്ടാഘർ' എന്ന് വിളിക്കുന്നു.

ധീര രക്തസാക്ഷിയായ സ്വാമിജിയുടെ വാക്കുകൾ: "അതെ, രക്തസാക്ഷിത്വത്തിന്റെ കിരീടം ധരിക്കാൻ യോഗ്യനായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടതാണ് എനിക്ക് സംതൃപ്തിയുടെ ഉറവിടം". സ്വർഗീയ സ്വാമി ശ്രദ്ധാനന്ദ സരസ്വതിയുടെ 67-ാം രക്തസാക്ഷിത്വത്തിൽ

(ഫെബ്രുവരി 22 ജന്മദിനം) ഹൈന്ദവ നവോത്ഥാനത്തിനായി നമുക്ക് നമ്മുടെ ശ്രദ്ധാഞ്ജലി സമർപ്പിക്കാം.

---------------------------------------

## സുഭാഷിതം – 37

സമ്പൂർണകുംഭോ ന കരോതി ശബ്ദം
അർധോഘടോ ഘോഷമുപൈതി പൂനം |
വിദ്വാനം കുലീനോം ന കരോതി ഗർവ്വം
ഗുണൈർവീഹിനാ ബഹു ജല്പയന്തി ||

सम्पुर्णकुम्भो न करोति शब्दं
अर्धोघटो घोषमुपैती पूनम |
विद्वानं कुलीनों न करोति गर्वं
गुणैर्वीहिना बहु जल्पयन्ति ||

**അർത്ഥം:** പൂർണ്ണമായി നിറച്ച പാത്രം പകുതി നിറച്ച പാത്രത്തെപ്പോലെ വലിയ ശബ്ദമുണ്ടാക്കില്ല. അതുപോലെ, ബുദ്ധിയുള്ള ആളുകൾക്ക് അഹങ്കാരം ഉണ്ടായിരിക്കില്ല, അവർ വളരെ വിനയാന്വിതരായിരിക്കും; പക്ഷേ, അല്പജ്ഞാനികൾ, പകുതി അറിവുള്ളവർ അഹങ്കാരത്തോടെ കൂടുതൽ സംസാരിക്കുകയും കൂടുതൽ ശബ്ദമുണ്ടാക്കുകയും ചെയ്യും.

———————————————————

## ഭഗവത് ഗീത – രണ്ടാം അധ്യായം – സാംഖ്യയോഗം – ശ്ലോകം : (1–5)



**ശ്ലോകം – 1**

സഞ്ജയ ഉവാച
തം തഥാ കൃപയാവിഷ്ടമശ്രുപൂർണ്ണാകുലേക്ഷണം
വിഷീദന്തമിദം വാക്യമുവാച മധുസൂദനഃ (1)

സഞ്ജയൻ പറഞ്ഞു: അങ്ങനെ മനസ്സലിഞ്ഞവനും, കണ്ണീര്നിറഞ്ഞ കണ്ണുകളോടുകൂടിയവനും ദുഃഖിക്കുന്നവനുമായ അർജ്ജുനനോടു ശ്രീകൃഷ്ണൻ ഇപ്രകാരം പറഞ്ഞു.

**ശ്ലോകം – 2**

ശ്രീ ഭഗവാനുവാചഃ
കുതസ്ത്വാ കശ്മലമിദം
വിഷമേ സമുപസ്ഥിതം
അനാര്യജുഷ്ടമസ്വർഗ്യ –
മകീർത്തികരമർജ്ജുന!

ഭഗവാൻ പറഞ്ഞു: ഹേ അർജ്ജുന, അനാര്യന്മാർക്ക് മാത്രം സന്തോഷമുണ്ടാകുന്നതും സ്വർഗ്ഗയോഗ്യമല്ലാത്തതും അപകീർത്തിയെ ഉണ്ടാക്കുന്നതുമായ ഈ മൂഢത (ഈ) വിഷമഘട്ടത്തിൽ നിന്നെ എവിടെ നിന്ന് ബാധിച്ചു.

**ശ്ലോകം – 3**

**ക്ലൈബ്യം മാസ്മഗമഃ പാർത്ഥ!**
**നൈതത്ത്വയ്യുപപദ്യതേ**
**ക്ഷുദ്രം ഹൃദയദൗർബല്യം**
**ത്യക്ത്വോത്തിഷ്ഠ! പരംതപ!**

ഹേ, പാർത്ഥ! ആണത്തമില്ലായ്മയെ നീ പ്രാപിക്കരുത് ഇത് നിന്നിൽ യോഗ്യമല്ല നീചമായ വൈകാരികമായി ഉണ്ടായിരിക്കുന്ന ദുർബലതയെ കളഞ്ഞിട്ട് ഹേ, ശത്രുതാപന! എഴുന്നേൽക്കൂ.

**ശ്ലോകം – 4**

**അർജ്ജുന ഉവാച**
**കഥം ഭീഷ്മമഹം സംഖ്യേ ദ്രോണം ച മധുസൂദന**
**ഇഷുഭിഃ പ്രതിയോത്സ്യാമി പൂജാർഹാവരിസൂദന (4)**

അർജ്ജുനൻ ചോദിച്ചു: ഹേ ശത്രുഘാതകാ! മധുസൂധനാ, പൂജാർഹരായ ഭീഷ്മരേയും ദ്രോണരെയും മൂർച്ചയുള്ള അമ്പുകൾ കൊണ്ടു ഞാൻ യുദ്ധത്തിൽ എങ്ങിനെ എതിരിടും?

**ശ്ലോകം – 5**

**ഗുരൂനഹത്വാ ഹി മഹാനുഭാവാൻ**
**ശ്രേയോഭോക്തും ഭൈക്ഷ്യമപീഹ ലോകേ**
**ഹത്വാർത്ഥകാമാംസ്തു ഗുരൂ നിഹൈവ**
**ഭുഞ്ജീയ ഭോഗാൻ രുധിരപ്രദിഗ്ധാൻ.**

മഹാതേജസ്വികളായ ഗുരുക്കന്മാരെയാകട്ടെ, കൊല്ലാതെ ഈ ലോകത്തിൽ ഭിക്ഷാന്നത്തെ അനുഭവിക്കുന്നതായാലും ശ്രേയസ്സാണ്, എന്തുകൊണ്ടെന്നാൽ അർത്ഥാഭിലാഷികളായ ഗുരുക്കന്മാരെ കൊലചെയ്തിട്ട് ഇവിടെ (ഈ ലോകത്ത്) രക്തം പുരണ്ടതായ സുഖാനുഭവങ്ങളെതന്നെ ഞാൻ ഭുജിക്കും (ഞാൻ അനുഭവിക്കേണ്ടി വരും).

(തുടരും)

---

## ക്വിസ് (വിജ്ഞാന പരീക്ഷ) – 22

(കുറിപ്പ്: സനാതന ധർമ്മം സംബന്ധിച്ചും, കൂട്ടതലും അയ്യപ്പവാണിയിൽ പ്രസിദ്ധീകരിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കിയുമുള്ള ചോദ്യങ്ങൾ. ഉത്തരങ്ങൾ അയ്യപ്പവാണിയുടെ അടുത്ത ലക്കത്തിൽ. എല്ലാവർക്കും പങ്കെടുക്കാം. ഉത്തരങ്ങൾ 20 ദിവസത്തിനകം "9447211722" എന്ന നമ്പറിലേക്ക വാട്സാപ് അയക്കണം. എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരങ്ങൾ നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ അടുത്ത അയ്യപ്പവാണിയിൽ പ്രസിദ്ധീകരിക്കുന്നതാണ്)

**ചോദ്യങ്ങൾ:**

1. 'ഗജേന്ദ്രമോക്ഷം' ചരിതം ഏത് കാലഘട്ടത്തിൽ (മന്വന്തരം) നടന്നതാണ്?
2. വൃത്രാസുരനെ വധിക്കുവാൻ ദേവേന്ദ്രൻ ഉപയോഗിച്ച വിശേഷപ്പെട്ട ആയുധം എന്ത്?
3. നാം ജീവിക്കുന്ന ഈ കാലഘട്ടം – മന്വന്തരം ഏത്?
4. സ്വർഗ്ഗലോകത്തിന്റെ തലസ്ഥാനം ?

5. ശ്രീകൃഷ്ണന്റെ ദേഹത്യാഗത്തിന്കാരണക്കാരനായ വേടന്റെ പേര് ?
6. ജനിച്ചപ്പോൾ രണ്ട് ഭാഗങ്ങളായിരുന്ന മഗധരാജാവ് ജരാസന്ധനെ കൂട്ടി യോജിപ്പിച്ചത് ആര്?
7. നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മദിനം ഏത് പേരിലാണ് നാം ആഘോഷിക്കുന്നത് ?
8. പിതൃതർപണത്തിനും ബലി കർമ്മങ്ങൾക്കും പ്രസിദ്ധമായ തിരുനെല്ലി ക്ഷേത്രം എവിടെ സ്ഥിതി ചെയ്യുന്നു, അവിടുത്തെ ദേവത?
9. ഹിന്ദു ധർമ്മസംരക്ഷണത്തിന് വേണ്ടി പോരാടി, ധീര രക്തസാക്ഷിയായ മഹാത്മാ മുൻഷിറാം ഏത് പേരിലാണ് അറിയപ്പെടുന്നത്?
10. ഈ വർഷം – 2023– ൽ ശബരിമലയിലെ ഉത്സവം, പങ്കുനി ഉത്രം എപ്പോൾ ആഘോഷിക്കുന്നു?

**ഉത്തരങ്ങൾ (AV 01 – ക്വിസ് 21)**

1. ബഭ്രുവാഹനൻ (അർജ്ജുനന്റെയും ചിത്രാംഗദയുടെയും മകൻ) അർജ്ജുനനെ പരാജയപ്പെടുത്തി, ശക്തമായ അസ്ത്രം ഉപയോഗിച്ച് വധിച്ചു. അർജ്ജുനൻ തന്റെ പിതാവാണെന്ന് അറിഞ്ഞതിന് ശേഷം തന്റെ പ്രവൃത്തിയിൽ പശ്ചാത്തപിച്ച്, ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു, എന്നാൽ തന്റെ രണ്ടാനമ്മയായ, നാഗ രാജകുമാരിയായ ഉലൂപിയിൽ നിന്ന് (അർജ്ജുനന്റെ മറ്റൊരു ഭാര്യ) നാഗമണി എന്ന രത്നം ലഭിച്ചു, അതിന്റെ ശക്തിയാൽ അർജ്ജുനനെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നു, കൃഷ്ണന്റെ സഹായത്തോടെ.
2. 'ത്രിപുരം' എന്നറിയപ്പെടുന്ന മയാസുരന്റെ മൂന്ന് നഗര ങ്ങളെ ഉന്മൂലനം ചെയ്യാൻ ത്രിപുരാന്തകനായി തന്റെ അവതാരത്തിൽ വില്ല് പ്രയോഗിച്ച പരമശിവന്റെ വിശേഷപ്പെട്ട വില്ലാണ് പിനാകം.
3. 'ശാശ്വതമായ ആനന്ദത്തിന്റെ സ്ഥലം, എന്നർത്ഥം വരുന്ന 'വൈകുണ്ഠം' എന്നറിയപ്പെടുന്ന മഹാവിഷ്ണുവിന്റെ വാസസ്ഥലത്തിന്റെ രണ്ട് ദ്വാരപാലകന്മാരാണ് ജയനും വിജയനും.
4. രാഹുകാലം – ഒരു നല്ല പ്രവൃത്തി ആരംഭിക്കുന്നതിന് അനുകൂലമായി കണക്കാക്കാത്ത, ദിവസത്തിന്റെ അശുഭകാലമാണ്. എല്ലാ ദിവസവും സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും ഇടയിൽ ഏകദേശം 90 മിനിറ്റ് രാഹുകാല ദൈർഘ്യം, പകലിന്റെ എട്ടിലൊന്ന്.
5. അഷ്ട ലക്ഷ്മി: ലക്ഷ്മിയുടെ എട്ട് രൂപങ്ങൾ ഇവയാണ് – ആദി ലക്ഷ്മി, ധന ലക്ഷ്മി, ധാന്യ ലക്ഷ്മി, ഗജ ലക്ഷ്മി, സന്താന ലക്ഷ്മി, വീരലക്ഷ്മി, വിദ്യാ ലക്ഷ്മി, വിജയ ലക്ഷ്മി.
6. ദ്വാപര യുഗത്തിനും ത്രേതായുഗത്തിനും ഇടയിലുള്ള സമയത്ത്, ജമദഗ്നി ഋഷിയുടെ പുത്രനായ പരശുരാമൻ, ക്ഷത്രിയരുടെ മുഴുവൻ ഗോത്രത്തെയും ഇരുപത്തിയൊന്ന് തവണ പ്രതികാര നടപടിയിൽ

ഉന്മൂലനം ചെയ്തു. (ഒരു ക്ഷത്രിയന്റെ, കാർത്തവീര്യ അർജ്ജുനന്റെ മകൻ ശൂരസേനന്റെ കൈകളാൽ സംഭവിച്ച പിതാവിന്റെ മരണത്തിന് പ്രതികാരം ചെയ്യാനാണ് അദ്ദേഹം ഇത് ചെയ്തത്). ഈ കൂട്ടക്കൊലയിൽ നിന്നുള്ള രക്തം കൊണ്ട് അഞ്ച് തടാകങ്ങൾ രൂപീകരിച്ചു, അതിനാൽ ആ പ്രദേശം സമന്തപഞ്ചകം എന്നറിയപ്പെട്ടു, (പിന്നീട് കുരുക്ഷേത്ര എന്നും) അഞ്ച് രക്ത തടാകങ്ങൾ.

7. സർദാർ പട്ടേൽ സ്റ്റാച്യു ഓഫ് യൂണിറ്റി.. ഇത് ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പ്രതിമയാണ്, ഇത് ഇന്ത്യയുടെ ഉരുക്കുമനുഷ്യനായ, സ്വതന്ത്ര ഇന്ത്യയുടെ ആദ്യ ആഭ്യന്തര മന്ത്രിയായ സർദാർ വല്ലഭായ് പട്ടേലിനുള്ള ആദരാഞ്ജലിയായി നിർമ്മിച്ചതാണ്. 'റിപ്പബ്ലിക് ഓഫ് ഇന്ത്യ' കെട്ടിപ്പടുക്കുന്നതിനായി രാജ്യത്തെ 562 നാട്ടുരാജ്യങ്ങളെയും ഒന്നിപ്പിച്ചത് അദ്ദേഹത്തിന്റെ മികവിലായിരുന്നു.

8. സ്വർഗീയ ഏകനാഥ് റാനഡെ (ആർഎസ്എസ് പ്രചാരക്, രാമകൃഷ്ണ മഠത്തിന്റെയും മിഷന്റെയും പൂർണ്ണ പിന്തുണയോടെ) വിവേകാനന്ദ റോക്ക് മെമ്മോറിയൽ കമ്മിറ്റിയുടെ ഓർഗനൈസിംഗ് സെക്രട്ടറിയായി, ഈ പദ്ധതിക്ക് നേതൃത്വം നൽകി.

9. ഹിമാചൽ പ്രദേശിലെ ജ്വാലാമുഖി പട്ടണത്തിൽ കാൻഗ്ര താഴ് വരയിൽ നിന്ന് 35 കിലോമീറ്റർ തെക്ക് ഭാഗത്തായിട്ടാണ് ജ്വാലാമുഖി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഈ ക്ഷേത്രം ജ്വാലാമുഖി ദേവിക്ക് സമർപ്പിച്ചിരിക്കുന്നു- പ്രകാശത്തിന്റെ ദേവത, ജ്വലിക്കുന്ന ദേവി അല്ലെങ്കിൽ 'ജ്വലിക്കുന്ന വായയുള്ളവൾ' എന്നും അറിയപ്പെടുന്നു.

10. "തിരുവാഭരണം" എന്നത് അയ്യപ്പന്റെ പവിത്രമായ ആഭരണങ്ങളാണ്. അത് പന്തളം കൊട്ടാരത്തിൽ നിന്ന് എല്ലാ വർഷവും മകരവിളക്ക് തീർഥാടന സീസണിന്റെ അവസാനം, ശബരിമലയിലേക്ക് ഘോഷയാത്രയായി കൊണ്ടുപോകുകയും അയ്യപ്പ വിഗ്രഹം അലങ്കരിക്കുകയും ചെയ്യും. അതേസമയം "തങ്ക അങ്കി" എന്നത് മണ്ഡലപൂജാ വേളയിൽ സ്വാമി അയ്യപ്പൻ ധരിക്കുന്ന ശുദ്ധമായ സ്വർണ്ണത്തിലുള്ള മറ്റൊരു ആഭരണമാണ്.

-----------------------------------------

**മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ:**
ആരുമില്ല

-----------------------------------------

## വാർത്തകൾ

* ഇന്ന്, 2023 ഫെബ്രുവരി 09 ഉത്രം – സ്വാമി അയ്യപ്പന്റെ ദിവ്യമായ ജന്മനക്ഷത്രത്തിന്റെ ശുഭദിനം. SASS ന്റെ നിർദ്ദേശപ്രകാരം, ലോകമെമ്പാടുമുള്ള അയ്യപ്പഭക്തർ സ്വന്തം വീടുകളിലും സമീപ ക്ഷേത്രങ്ങളിലും ദീപാരാധന, ഭജന, നീരാജനം തുടങ്ങിയവയോടെ ഉത്രം പൂജ നടത്തുന്നു.

* മണ്ഡല – മകരജ്യോതി തീർത്ഥാടനം. മകരജ്യോതി ദിനത്തിൽ ഭാരതം മുഴുവൻ അനവധി ക്ഷേത്രങ്ങളിലും വീടുകളിലും നിലവിളക്കുകളും മൺ ചെരാതുകളും ജ്വലിപ്പിച്ച് കൊണ്ട് ദീപാരാധന നടത്തി.
* തീർത്ഥാടന കാലത്ത് കേരളത്തിലും അയൽ സംസ്ഥാനങ്ങളിലുമായി 250–ലധികം സ്ഥലങ്ങളിൽ അയ്യപ്പ സേവാ കേന്ദ്രങ്ങൾ വഴി അന്നദാനം, വിശ്രമം, ചികിത്സാ സൗകര്യം തുടങ്ങിയ സേവനങ്ങൾ നടത്തിയിരുന്നു. കൂടാതെ ജനുവരി 19/20 തീയതികളിൽ സ്വച്ഛ് എരുമേലി, സ്വച്ഛ് ശബരിമല എന്ന പേരിൽ 2500–ലധികം അയ്യപ്പ സേവകർ പങ്കെടുത്തു കൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.
* SASS–ന്റെ 'നാഷണൽ മാനേജ്മെന്റ് കമ്മിറ്റി' യോഗം ഫെബ്രുവരി 11,12 തീയതികളിൽ ബാംഗ്ലൂരു വെച്ച് നടക്കുന്നു.
* ശബരിമല അയ്യപ്പസേവാസമാജം തൃശ്ശിവപേരൂർ ജില്ലാഘടകം. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സംസ്കൃത വിഭാഗം മുൻ മേധാവി ശ്രീ.ഡോ.എം.വി.നടേശൻ അവർകളുടെ "ഹരിവരാസനം പാഠവും പഠനവും " എന്ന പുസ്തകം കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി ചീഫ് ഫിസിഷ്യൻ ശ്രീ.ഡോ.സി.പത്മജൻ തൃശ്ശൂർ പാറമേക്കാവ് ക്ഷേത്രനടയിൽ ഏറ്റുവാങ്ങി. ജില്ലാ പ്രസിഡന്റ് ശ്രീ പുരുഷോത്തമന്റെ അധ്യക്ഷതയിൽ, ശബരിമല അയ്യപ്പ സേവാ സമാജത്തിൻ്റെ മുതിർന്ന കാര്യകർത്താവ് സ്വാമി അയ്യപ്പദാസ് ഉത്ഘാടനം ചെയ്ത ചടങ്ങിൽ ഡോ. പി.സി. മുരളീ മാധവൻ പുസ്തക പ്രകാശന കർമ്മം നിർവ്വഹിച്ചു.
* ഹരിവരാസനം ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് 2023 ഫെബ്രുവരി 19 – ന് ചെന്നൈയിൽ 'അയ്യപ്പൻ തിയ്യാട്ടും, പന്തീരായിരം തേങ്ങയേറും' നടക്കുന്നു. തൃപ്പൂണിത്തുറ തിയ്യാടി രാമൻ നമ്പ്യാർ ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നു.

****************

നിഷേധക്കുറിപ്പ് : ഇതിൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച്, അതിന്റെ രചയിതാക്കൾക്കല്ലാതെ, ശബരിമല അയ്യപ്പ സേവാ സമാജത്തിനോ അംഗങ്ങൾക്കോ യാതൊരു ബാധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.

ശബരിമല അയ്യപ്പ സേവാ സമാജത്തിനുവേണ്ടി, പി. ഷൺമുഖാനന്ദൻ, നാഷ്ണൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി, നാഷ്ണൽ അഡ്മിനിസ്ട്രേഷൻ ഓഫീസ്, അയ്യപ്പവിഹാർ, വിയ്യൂർ, തൃശ്ശൂർ, കേരളം – 680010, നിന്ന് പ്രസിദ്ധീകരിക്കുന്നത്